

# ബഥേൽപത്രിക

വാല്യം 5 മാർച്ച് 1992 ലക്കം 3

He that walketh uprightly
walketh surely.
Proverb 10:9



ചെങ്ങന്നൂർ
മെത്രാസന
കേന്ദ്രത്തിൽ
നിന്ന് പ്രസിദ്ധ
പ്പെടുത്തുന്നത്

## ഉള്ളടക്കം

ബൈബിൾ ക്വിസ്
ഇടയലേഖനം
— മെത്രാപ്പോലീത്ത
ധ്യാനപംക്തി
– ഫാ. മാത്യു വർഗീസ്
പുളിമൂട്ടിൽ
ഇരുളും നിഴലും
– ജോൺ തോമസ് കരിങ്ങാട്ടിൽ
തിരിച്ചുവരവ് (നുറുങ്ങുകഥ)
– ആലാ രാജൻ
യെരുശലേം യുഗങ്ങളിലൂടെ
(തുടർച്ച)
– കമാണ്ടർ കെ. ജി. തോമസ്
[റിട്ട]
നമ്മുടെ കൺവൻഷൻ
യോഗങ്ങൾ
– പി. എം. ചാക്കോ കിടങ്ങന്നൂർ
സമ്പൂർണ്ണ സമർപ്പണം (കവിത)
– ഫാ. റ്റി. എം. അലക്സന്ത്ര
യോസ്
മുളന്തുരുത്തി സുന്നഹദോ
സിന്റെ മുന്നോടി
– എം. കുര്യൻ തോമസ്
യോനയുടെ അനുഭവം
യുക്തി സഹജമോ
– കെ. ജോർജ് കുഞ്ഞ്
ഭദ്രാസന വാർത്തകൾ
ബാലപത്രിക

EBENEZER, TCR-12 ☎ 380992, 381892


# ബഥേൽ പത്രിക

★

മാർച്ച് 1992

**രക്ഷാധികാരി**

**നി. വ. ദി. ശ്രീ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ**

**ഉപദേശക സമിതി**

1. ഡോ. കെ. എം. തരകൻ
2. ഡോ. സാമുവൽ ചന്ദനപ്പള്ളി
3. സഭാകവി സി. പി. ചാണ്ടി
4. റവ. ഫാ. പി. വി ജോൺ

**പത്രാധിപ സമിതി**

1. റവ. ഫാ. പി.ജി. ജോർജ്ജ്
2. ഡയോസിഷൻ സെക്രട്ടറി (എക്സ് ഒഫീഷ്യോ)
3. റവ. ഫാ. മാത്യു വർഗീസ്
4. റവ. ഫാ. പി. സി. തോമസ്
5. റവ. ഫാ. മാത്യു കോശി
6. റവ. ഡീ. ജോൺ തോമസ്
7. കമാണ്ടർ കെ. ജി. തോമസ് (റിട്ട)
8. കെ. ജി. ദാനിയേൽ
9. കെ. കെ. ഏബ്രഹാം
10. പ്രൊഫ. റ്റി. ജെ. മാത്യു (ചീഫ് എഡിറ്റർ)

**സർക്കുലേഷൻ മാനേജർ**

എം. എ. ജേക്കബ്


## ബൈബിൾ ക്വിസ്

**ചോദ്യം**

1. സഭാ വർഷം ആരംഭിക്കുന്ന ഞായറാഴ്ചയുടെ പേര്
2. ശലോമോൻ എന്ന വാക്കിന്റെ അർത്ഥം
3. നോഹ എന്ന വാക്കിന്റെ അർത്ഥം
4. എട്ട് ഭാഗ്യാവസ്ഥയെക്കുറിച്ച് ആരംഭിക്കുന്ന പ്രസംഗം
5. യേശുവിന്റെ ക്രൂശിലെ മേലെഴുത്ത് ഏതെല്ലാം ഭാഷകളിൽ എഴുതിയിരുന്നു
6. യോഹന്നാൻ ശ്ലീഹായെ നാടുകടത്തിയത് എവിടേക്ക്
7. വി. പൗലോസിന്റെ ജന്മദേശം
8. പരിശുദ്ധാത്മാവിന്റെ സുവിശേഷം ഏത്
9. പുതിയ നിയമത്തിൽ ഏററവും കുറച്ചു വാക്യമുള്ള പുസ്തകം
10. വലിയ നോമ്പ് ആരംഭിക്കുന്ന ഞായറാഴ്ചയുടെ പേര്

**ഉത്തരം**

1. കൂദോശ് ഈത്തോ
2. സമാധാനം
3. വിശ്രമം
4. ഗിരിപ്രഭാഷണം
5. എബ്രായ, ലത്തീൻ, ഗ്രീക്ക്
6. പത്മോസ്
7. തർസോസ്
8. അപ്പോസ്തല പ്രവൃത്തികൾ
9. 2 യോഹന്നാൻ
10. കൊത്തിനെ ഞായർ

## ഇടയലേഖനം

വാത്സല്യമുള്ള മക്കളെ,

വലിയ നോമ്പിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ നോമ്പിനേക്കുറിച്ച് വീണ്ടും എഴുതുവാൻ നാം ആഗ്രഹിക്കുന്നു. ആത്മീയാടിസ്ഥാനത്തിലും ഭൗതികാടിസ്ഥാനത്തിലും മനുഷ്യന് ഒഴിവാക്കാൻ പാടില്ലാത്ത ഒരു ജീവിതക്രമമത്രെ നോമ്പ്.

നമ്മുടെ നോമ്പുകളുടെ പ്രത്യേകത ഒരു പ്രത്യേക കാലഘട്ടത്തിൽ ചില പ്രത്യേക ഭക്ഷണപദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് നിരോധിക്കുന്നതാണ്. എന്നാൽ മുസ്ലീമങ്ങളാകട്ടെ സൂര്യോദയം മുതൽ സൂര്യാസ്തമനം വരെ ഭക്ഷ്യ വസ്തുക്കൾ വർജ്ജിക്കുന്നു. നാം പ്രകൃതിയിലേക്ക് നോക്കിയാൽ സസ്യലതാദികളും പക്ഷിമൃഗാദികൾ പോലും ഒരു വിധത്തിലല്ലെങ്കിൽ മററൊരു വിധത്തിൽ നിയന്ത്രണം ഏർപ്പെടുത്തുന്നതായിക്കാണാം.

നോമ്പുകളെ വേദപുസ്തകാടിസ്ഥാനത്തിൽ പരിശോധിച്ചാൽ നമ്മുടെ സഭ ഇതിനു കൊടുത്തിരിക്കുന്ന പ്രാധാന്യത്തെക്കുറിച്ച് വ്യക്തമാകും. നോമ്പാരംഭിക്കുന്നത് ഏദൻ തോട്ടത്തിലാണ്. ശരീരവും ആത്മാവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. എന്നാൽ ശരീരം നശ്വരവും ആത്മാവ് അനശ്വരവുമാണ്. ആത്മാവിന് ശരീരത്തെ നിയന്ത്രിക്കുവാൻ കഴിയണമെങ്കിൽ ആത്മാവിനെ ഊർജ്ജസ്വലമാക്കുവാനും ശരീരത്തെ ഒരു പരിധിവരെ നിയന്ത്രണവിധേയമാക്കുവാനും നമുക്കു കഴിയണം. അഥവാ ശാരീരികമായ അഭിലാഷങ്ങളെ നിയന്ത്രിക്കുവാൻ സാധിക്കണം. ശരീരത്തിന്റെ പോഷണത്തിനാവശ്യമായ ഭക്ഷണ പദാർത്ഥങ്ങൾ കുറേക്കാലത്തേക്കെങ്കിലും നിയന്ത്രിക്കുവാൻ നമുക്ക് സാധിക്കണം.

''ആത്മാവ് ഒരുക്കമുള്ളത് ജഡമൊ ബലഹീനം'' ദൈവവുമായുള്ള സംസർഗ്ഗത്തിന് അഥവാ കൂട്ടായ്മയ്ക്ക് ആത്മാവ് തയ്യാറാണെങ്കിലും ജഢീകമായ, ശാരീരികമായ, ഭൗതികമായ അഭിലാഷങ്ങളാണ് തടസ്സമായി നിൽക്കുന്നത്.

നോമ്പുകൾ ആത്മശക്തിയെ വളർത്തുന്നു. പാപങ്ങളുടെ ഉത്ഭവം ഹൃദയത്തിൽ നിന്നാകയാൽ ഹൃദയത്തെ നിയന്ത്രണാധീനമാക്കാൻ സാധിക്കുന്ന പക്ഷം പാപങ്ങൾ വിട്ടൊഴിഞ്ഞ് ജീവിക്കുവാൻ നമുക്ക് സാധിക്കും.
''പുറത്തുനിന്നും മനുഷ്യന്റെ അകത്തുചെല്ലുന്ന യാതൊന്നിനും അവനെ അശുദ്ധനാക്കുവാൻ കഴിയുകയില്ല'' ഈ പറഞ്ഞതിന്റെ ഉദ്ദേശം ബാഹ്യ വിശുദ്ധികൊണ്ടു മാത്രം ആന്തരിക വിശുദ്ധി സാധ്യമല്ലെന്നും ആന്തരിക വിശുദ്ധിയാണ് ബാഹ്യ വിശുദ്ധിയേക്കാൾ പ്രധാനമെന്നുമാണ്. വിലക്കപ്പെട്ട കനി ഭക്ഷിച്ച സമയത്തുതന്നെ ആദമും ഹവ്വയും പാപികളായിത്തീർന്നു. (അതും പുറത്തുനിന്ന് മനുഷ്യന്റെ അകത്തുചെന്ന ഭക്ഷണം തന്നെയാണല്ലൊ അവർ അതു ഭക്ഷിച്ചതുമൂലം അശുദ്ധരാവുകയും ചെയ്തുവല്ലൊ.)

EBENEZER, TCR-12 ☎ 380992, 381892

ഒന്നാം നൂററാണ്ടിൽത്തന്നെ നിശ്ചിത നോമ്പുകൾ ഉണ്ടായിരുന്നതായി ചരിത്ര പണ്ഡിതനായ മോഷയിം പറയുന്നു. ''ശ്ലീഹന്മാർ ജീവിച്ചിരുന്ന കലത്തുതന്നെയോ അഥവാ അവരുടെ മരണം കഴിഞ്ഞ ഉടനെയുള്ള കാലഘട്ടത്തിലൊ ക്രിസ്ത്യാനികൾ ആഴ്ച വട്ടത്തിലെ നാലാം ദിവസവും (ബുധൻ) ആറാം ദിവസവും (വെള്ളി) ദിവസം മുഴുവനുമോ നിശ്ചിത സമയം വരെയൊ ഉപവസിച്ചിരുന്നു. എന്ന പരമാർത്ഥം നിഷേധിക്കുവാൻ സാധ്യമല്ലത്തന്നെ.

ആഴ്ചയിലെ നാലാം ദിവസവും ആറാം ദിവസവും വിശുദ്ധമായി അവർ ഗണിച്ചിരുന്നത് നമ്മുടെ കർത്താവ് കഷ്ടാനുഭവത്തെക്കുറിച്ച് ശിഷ്യന്മാരെ അറിയിച്ചതും താൻ ഏല്പിക്കപ്പെട്ടതും നാലാം ദിവസമാകയാലും താൻ ക്രൂശിക്കപ്പെട്ടത് ആറാം ദിവസത്തിൽ ആയിരുന്നതിനാലുമത്രെ വിശുദ്ധ കന്യകമറിയാമിന്റെ ബഹുമാനത്തിന് ബുധനാഴ്ച വേർതിരിക്കപ്പെട്ടിരിക്കുന്നു.
മോഷയിം വീണ്ടും തുടരുന്നു.

നാലാം നൂററാണ്ടിലെ സ്ഥിതി ദുരാത്മാക്കളുടെ വലകൾ തകർക്കുവാനും ദൈവ കോപത്തെ ശമിപ്പിക്കുവാനും ഉപവാസത്തെപ്പോലെ ശക്തമായ ഒന്നും ഉണ്ടെന്ന് അവർ വിചാരിച്ചിരുന്നില്ല.' ഉപവാസം അനുഷ്ടിച്ചിരുന്നവർ ഭക്ഷണ പാനിയങ്ങളിൽ നിന്നും പരിപൂർണ്ണമായി വേറിട്ടു നിന്നിരുന്നു.

''കർത്തൃദിനത്തിൽ അഥവാ ഞായറാഴ്ച ഉപവസിക്കുന്നതും കുമ്പിടുന്നതും നിയമ വിരുദ്ധമാകുന്നു. ഉപവാസകാലത്ത് ഒരിക്കലും കുമ്പിടൽ നടത്താതെ പ്രാർത്ഥിക്കരുത്. ആഴ്ചതോറും ബുധനാഴ്ചയും വെള്ളിയാഴ്ചയും നോമ്പാചരിക്കുന്നു.''

മൃഷ്ടാന്ന ഭോജനം കഴിച്ച് സുഖലോലുപന്മാരായിരിക്കുന്നവരാണ് വ്രതവും ഉപവാസവും എടുത്തു ജീവിക്കുന്നവരെക്കാൾ എളുപ്പം പിശാചിന്റെ കുടുക്കിൽപ്പെടുന്നത് എന്നായിരുന്നു അക്കാലത്തെ പൊതുവേയുള്ള വിശ്വാസം എന്ന് വി. ക്ലിമ്മീസ് രേഖപ്പെടുത്തിയിരിക്കുന്നു.

രണ്ടാം നൂററാണ്ടിൽ ഇപ്രകാരമായിരുന്നു : ഉപവാസം മൂലം ഞങ്ങൾ ഉണങ്ങി വരണ്ടിരിക്കുന്നു. വ്രതപാലനം മൂലം ഞങ്ങൾ അസ്ഥി മാത്രരായിരിക്കുന്നു

(തെർത്തുല്യൻ)

വൈദ്യ ശാസ്ത്രപ്രകാരം അതിയായ പോഷകാംശമുള്ള ഭക്ഷണ പദാർത്ഥങ്ങൾ തന്നെ വളരെ കൂടുതൽ തുടർച്ചയായി കഴിക്കുന്നത് പല രോഗങ്ങൾക്കും കാരണമായിത്തീരുന്നു. ഹൃദ്രോഗത്തിന്റെ പ്രധാന കാരണങ്ങളായി വൈദ്യശാസ്ത്രം കരുതുന്നത് പുകവലിയും, മദ്യപാനവും, അമിതമായ ഭക്ഷണം, കൊഴുപ്പുചേർന്നഭക്ഷണം (പാൽ, വെണ്ണ, നെയ്യ്) മുട്ടയുടെ മഞ്ഞക്കുരു ഭക്ഷിക്കുന്നത്, മത്സ്യ മാംസാദികൾ അമിതമായി കഴിക്കുന്നത് എന്നിവയാണ്.

നാം കുറെ കൂടുതലായി ഒരു നേരം ഭക്ഷണം കഴിക്കുകയാണെങ്കിൽ അടുത്ത നേരം ഭക്ഷണം കഴിക്കേണ്ടതിന്റെ ആവശ്യം തോന്നാത്തത് ശരീരത്തിലെ ദഹനേന്ദ്രിയങ്ങളുടെ വിശ്രമത്തിന് ശരീരം തന്നെ ചെയ്ത ഒരു ക്രമീകരണമാണ്.



ഭക്ഷണം കുറയ്ക്കുകയും അധികം പോഷകാംശമുള്ള ഭക്ഷണ സാധനങ്ങൾ കുറെക്കാലമെങ്കിലും വർജ്ജിക്കുകയും ചെയ്യുന്നതു മൂലം ദീർഘായുസ് ലഭിക്കുമെന്ന് റഷ്യൻ ശാസ്ത്രജ്ഞർ തെളിയിച്ചിരിക്കുന്നു.

നോമ്പുകാലത്ത് കുമ്പിടുന്നതുമൂലം ശരീരത്തിന് നല്ല ആയാസം ലഭിക്കുന്നു. പല രോഗങ്ങൾക്കും ആയുർവ്വേദ ചികിത്സാ പദ്ധതി നിർദ്ദേശിക്കുന്ന പഥ്യങ്ങൾ മത്സ്യമാംസാദികളുടെ വർജ്ജനമാണ്. നോമ്പുകാലത്ത് ഇവയൊക്കെ ഭക്ഷിക്കാതിരിക്കുന്നതുമൂലം ഇത്തരം രോഗങ്ങൾ ഉള്ളവർക്ക് അവയിൽ നിന്നും മോചനം നേടുന്നതിനും രോഗം ഇല്ലാത്തവർക്ക് അവ പിടിപെടാതിരിക്കുവാനും കാരണമാകുന്നു.

പ്രോട്ടീനുകൾ, കൊഴുപ്പുകൾ, കാർബോ ഹൈഡ്രേററുകൾ എന്നിവ അടങ്ങിയിരിക്കുന്ന മത്സ്യം, മാംസം, പാൽ, വെണ്ണ, മുട്ട, നെയ്യ് ഇവയുടെ ദഹനത്തിന് ദഹനേന്ദ്രിയങ്ങൾ വളരെയേറെ അദ്ധ്വാനിക്കുന്നുണ്ട്. അവയ്ക്ക് കുറെക്കാലം വിശ്രമം കൊടുക്കേണ്ടത് അവയുടെ ശക്തി സംരക്ഷണത്തിന് അത്യന്താപേക്ഷിതമാണ്. നോമ്പാചരണം ഇതിന് സഹായകമാകുന്നു.

ആകയാൽ പ്രിയരെ, നമ്മുടെ പിതാക്കന്മാരാൽ ക്രമീകരിക്കപ്പെട്ട നോമ്പുകൾ സർവ്വപ്രകാരേണ സാധുവായിട്ടുള്ളതും പ്രയോജനപ്രദവുമാണ്. നോമ്പനുഷ്ടാനത്തിന്റെ കാര്യത്തിൽ മുസ്ലീം സഹോദരങ്ങൾ തികച്ചും അഭിനന്ദനീയരാണ്. നമ്മുടെ നോമ്പിനുള്ളതിനേക്കാൾ വിഷമം പിടിച്ച നിയമങ്ങളാണ് അവരുടെ നോമ്പിനുള്ളത്. എങ്കിലും അവർ അത് ആത്മാർത്ഥമായി ആചരിക്കുന്നു. കുടുംബം, ഇടവക, സഭ, ലോകം എന്നിങ്ങനെ എല്ലായിടത്തും അസമാധാനം നിലവിലിരിക്കുന്ന ഈ അവസരത്തിൽ നോമ്പാചരണത്തിനുള്ള പ്രസക്തി വർദ്ധിച്ചിരിക്കുകയാണ്. നോമ്പിന്റെ പ്രയോജനം നമുക്കു മാത്രമല്ല തലമുറകൾക്കും ലഭ്യമാണ് ''വെടിപ്പോടെ നോമ്പു നോൽക്കുന്നവന്റെ തലമുറ മാലാഖമാരോടു കൂടി കലർന്നിരിക്കുന്നു''. ഈ വർഷത്തെ നോമ്പാചരണം നാമേവരുടെയും ആത്മീയ വിശുദ്ധിക്ക് സഹായകമായിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

കർത്താവിൽ നിങ്ങളുടെ
ബലഹീനനായ

തോമസ് മാർ അത്താനാസിയോസ്
മെത്രാപ്പോലീത്താ

മാർച്ച് 1-ാം തീയതി
ഓതറ ദയറാ.

★

---

'' ശുദ്ധമുള്ള നോമ്പ് ജയത്തിന്റെ അടയാളവും ശത്രുവാകുന്ന ദുഷ്ടന്റെ നേരെ തോൽക്കാത്ത ആയുധവും ആകുന്നു''

---

EBENEZER, TCR-12 ☎ 380992, 381892

## ധ്യാനപംക്തി

### ഫാ. മാത്യു വർഗീസ് പുളിമൂട്ടിൽ

''എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമത്രേ''
ഫിലിപ്പിയർ. 1: 21

ആത്മീയ ജീവിതം നേട്ടങ്ങളുടെ ജീവിതമാണ്, കോട്ടമോ വാട്ടമോ കൂടാതെ അമൂല്യ നേട്ടങ്ങളുടെ സമാഹാരമാണ്. നഷ്ടമെല്ലാം ലാഭവും ദുഃഖമെല്ലാം സന്തോഷവുമായി മാറുന്ന ധന്യ ജീവിതമത്രേ ക്രിസ്തുവിൽ നമുക്ക് ഉള്ളത്. ക്രിസ്തുവിനെ കണ്ടെത്തും മുമ്പെ, ജീവിതം പരാജയവും വ്യർത്ഥവുമായിരുന്നു. ''ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും തന്റെ ആത്മാവിനെ നഷ്ടമാക്കുകയും ചെയ്താൽ അവനെന്തു പ്രയോജനം''? ക്രൂശിൽ അഭയംതേടുന്ന പാപി നഷ്ട ബോധത്തിൽ നിന്ന് എന്നെന്നേക്കുമായി വിമുക്തനാക്കപ്പെടുന്നു. വ്യർത്ഥതയുടെയും ശൂന്യതയുടെയും സ്ഥാനത്ത്, ജീവിതത്തിൽ അർത്ഥം കണ്ടെത്തുന്നു. മരുഭൂമി മലർവാടിയും ഉവർന്നിലം സസ്യശാമളവുമായിത്തീരുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ ഏക അന്വേഷണം ക്രിസ്തുവിനെ നേടുകയാണ്. അതു കൊണ്ടാണ് പൗലോസ് അപ്പോസ്തലൻ ''ഞാൻ ക്രിസ്തുവിനെ നേടേണ്ടതിനും ........... ലാഭമായിരുന്നതൊക്കെയും ഉപേക്ഷിച്ചു ചേതമെന്നെണ്ണുന്നു'' എന്നു പറയുവാനിടയായത് (ഫിലി 3:9–12) സംസാര സാഗരത്തിന്റെ മായാവലയത്തിനുള്ളിൽ കുടുങ്ങി വ്യാജമത്ത അന്വേഷിക്കുന്ന ജീവിതം മതിയാക്കി സത്യവും ഫലനവുമായതിനുവേണ്ടി മുന്നോട്ടായുവാൻ നാം പ്രേരിതരായിത്തീരുന്നു.

ജീവിതം നേട്ടമായി തീരണമെങ്കിൽ ഒന്നാമതു ക്രിസ്തുവിനു ആദായം വരുന്നവരായി നാം തീരേണം ''എനിക്കു ജീവിക്കുന്നതു ക്രിസ്തു'' എന്നു പറഞ്ഞ പൗലോസ് അതിനുള്ള വിശദീകരണം നൽകുന്നുണ്ട് 'എനിയ്ക്കു ഭവിച്ചത് സുവിശേഷത്തിന്റെ അഭിവൃദ്ധിക്കു കാരണമായി? ''നിങ്ങളുടെ വിശ്വാസത്തിന്റെ അഭിവൃദ്ധിക്കും സന്തോഷത്തിനുമായി തന്നെ ഞാൻ ജീവനോടിരിക്കും.'' (ഫിലിപ്യർ 1:12–25)

ജീവിക്കുന്നതു ക്രിസ്തു എന്നു ധൈര്യ സമേതം പറയാവുന്നവർക്കു മരിക്കുന്നത് ഏറെ ലാഭകരമത്രെ. കാരണം ശരീരം വിടുമ്പോൾ അവർ കർത്താവിന്റെ കൂടെയാകുന്നു. ഇവിടെ ക്രിസ്തുവിനോടകന്നു പരദേശികളായി കഴിഞ്ഞിരുന്നു. ക്രിസ്തുവിനെ വിശ്വാസത്താൽ മാത്രം കണ്ടിരുന്നു. കണ്ടിട്ടില്ലെങ്കിലും സ്നേഹിച്ചിരുന്നു. കണ്ണാടിയിൽ കടമൊഴിയായി അറിഞ്ഞിരുന്നു. അംശമായി ഗ്രഹിച്ചിരുന്നു. എന്നാൽ ക്രിസ്തുവിനോടുകൂടെ ആകുമ്പോൾ സന്തോഷം പൂർണ്ണമാകുന്നു. സംതൃപ്തിയും ആശ്വാസവും കൈവരുന്നു. കർത്താവിനെ മുഖാമുഖം കാണുന്നു. ആയതിനാൽ ദൈവപൈതലിനു മരിക്കുന്നത് ലാഭം തന്നെ.



ക്രിസ്തീയ ജീവിതത്തിനെതിരെ ഉയർന്ന പരീക്ഷകളിൽ പതറാതെ സഹിച്ചു നിന്നവർ കർത്താവിനോടു മരണ പര്യന്തം വിശ്വസ്തരായിരുന്നവർ ജീവകിരീടം പ്രാപിക്കും. (യാക്കോ. 1 : 12, വെളി. 2:10)

അഗ്നിക്കായി സൂക്ഷിച്ചിരിക്കുന്ന ഇപ്പോഴത്തെ ഭൂമിയിലല്ല നീതി വസിക്കുന്ന പുതിയ ഭൂമിയിൽ ദൈവ ജനം വാഴും. ഇവിടെ അവർക്കു നിലനിൽക്കുന്ന നഗരമില്ല. വരുവാനുള്ള നഗരത്തെ നോക്കിപ്പാർക്കുന്നു. പുതിയ യറുശലോമിൽ അവർ കർത്താവിന്റെ കൂടെ വസിക്കും. (2 പത്രോ. 3:8–12, വെളി. 21, 22 അദ്ധ്യാ:)

ആയതിനാൽ, ജീവിതത്തെ നേരിടുന്ന പ്രശ്നങ്ങളെ അഭിമുഖീകരിച്ച് എനിക്ക് ജീവിക്കുന്നത് ക്രിസ്തു എന്നു സാക്ഷിക്കണമെങ്കിൽ, അവന്റെ ഉപദേശങ്ങളും പ്രമാണങ്ങളും അനുസരിച്ച് ജീവിച്ചുവെങ്കിൽ മാത്രമേ സാധിക്കൂ. ഈ പരിശുദ്ധ നോമ്പിൽ ലൗകീക സുഖങ്ങളെ വെടിഞ്ഞുകൊണ്ട്, ദൈവ സന്നിധിയിൽ ദൂതഗണ മദ്ധ്യേ പ്രശംസിക്കപ്പെടുവാൻ (1 തെസ. 4:9–20) ഇടയാകണം. ശരിയായ നോമ്പനുഷ്ടാനത്തിൽ കൂടി കർത്താവിന്റെ ഉയിർപ്പുപെരുന്നാളിലേക്ക് പ്രവേശിക്കുവാൻ പ്രിയ വായനക്കാർക്ക് സംഗതിയാകട്ടെ.

പ്രാർത്ഥന :—എന്റെ അരുമനാഥനുവേണ്ടി ജീവിക്കുവാനും മരിക്കുവാനുമുള്ള മഹാഭാഗ്യത്തിന് ഉടമയായി തീരുവാൻ നോമ്പനുഷ്ടാനങ്ങൾ മുഖാന്തിരം സംഗതി ആക്കണമേ. ആമ്മീൻ

★


Statement about ownership and other Particulars about
''Bethel Pathrika''
Form IV (See Rule 8)

| | | | |
|---|---|---|---|
| 1 | Place of Publication | — | Chengannur |
| 2 | Periodocity of the Publication | — | Monthly |
| 3 | Printer's Name | — | Fr. P. G. George |
| | (Whether Citizen of India) | — | Yes |
| | Address | | Bethel Aramana, Chengannur |
| 4 | Publisher's Name | — | Fr. P. G. George |
| | (Whether Citizen of India) | — | Yes |
| | Address | | Bethel Aramana Chengannur |
| 5 | Editor's Name | — | Fr. P. G. George |
| | (Whether Citizen of India) | — | Yes |
| | Address | | Bethel Aramana Chengannur |
| 6 | Name & Address of the individual who owns the News Paper | — | H. G. Thomas Mar Athanasios<br>Diocesan Bishop<br>Bethel Aramana Chengannur |

I, Fr. P. G. George hereby declare that the Particulars given above are true to the best of my Knowledge and belief.

Chengannur,
15-3-1992.

(Sd)
Publisher

EBENEZER, TCR-12 ☎ 380992, 381892

# ഇരുളും നിഴലും–

### ജോൺ തോമസ് കരിങ്ങാട്ടിൽ

"...........ഇല്ല. ഞാനിതു തരില്ല. യേശുവിൻെറയും കന്യകമറിയാമിൻെറയും ഈ ഫോട്ടോ നിങ്ങൾക്ക് എന്തിനാണ്..........."

മദ്രാസ് അന്തരാഷ്ട്ര വിമാനത്താവളത്തിൽ ഒരു ശ്രീലങ്കൻ യുവാവ് കസ്റ്റംസ് അധികാരികളോട് തട്ടിക്കയറി, സൗത്ത് സോൺ യൂണിററ് ഓഫ് നാർക്കോട്ടിക്സ് കൺട്രോളർ അയാളെ ഉടൻ അറസ്ററ് ചെയ്തു. അയാളിൽ നിന്നും നാലരകിലോ ഹെറോയിൻ (Heroin) കണ്ടെടുത്തു. കമ്പോളത്തിൽ നാലര കോടി രൂപാ വില മതിക്കുന്ന ഈ മയക്കു മരുന്ന് കണ്ടെത്തിയത് യേശുക്രിസ്തുവിൻെറയും കന്യക മറിയാമിൻെറയും ഫോട്ടോയ്ക്കുള്ളിൽ നിന്നുമാണ്. ഇന്ത്യൻ എക്സ്പ്രസ് ദിനപത്രം മദ്രാസ് എഡിഷൻ ഹെറോയിൻ സൂക്ഷിച്ചിരുന്ന ഫോട്ടോകളുടെ പടം സഹിതം Feb. 5-1-92-ന്യൂസ് പ്രസിദ്ധീകരിച്ചു.

ആധുനികതയുടെ തണലിൽ പണവും പ്രതാപവും അലങ്കാരമായി കാണുമ്പോൾ മൂല്യങ്ങൾ പിഴുതെറിയപ്പെടുന്നു, ആധുനികതയുടെ ഗ്രസിതാവസ്ഥയിൽ ധാർമ്മിക മൂല്യങ്ങളും പ്രായോഗികമാക്കേണ്ട ജീവിത ശൈലിയും വിസ്മരിക്കുന്നു. സ്വന്തം ഇച്ഛാശക്തി അധഃപതനപ്പെടുത്തുന്നു. നന്മയെ പ്രാപിച്ച് നന്മയിലേക്ക് വളരേണ്ട മനുഷ്യൻ തിന്മയ്ക്ക് കീഴടങ്ങുന്നു. ഇത്തരം സ്വയം കീഴടങ്ങൽ വ്യക്തിയേയും സമൂഹത്തെയും തിന്മയിലേക്ക് നയിക്കുന്നു. പണ സമ്പാദനത്തിനുള്ള വഴികൾ സുഗമമാകാത്തപ്പോൾ വിശുദ്ധമായ വഴികളിൽ കൂടിയും അപഥസഞ്ചാരം നടത്താനും ഇവർ മടിക്കുന്നില്ല. കോടികളുടെ മയക്കു മരുന്ന് കടത്തുന്നവന് മയക്കുമരുന്നല്ല പണമാണ് ആവശ്യം, ഒരിക്കലും അവൻ മയക്കുമരുന്നിന് അടിമയായിരിക്കില്ല. ഇവിടെ പണ വ്യാപാരത്തിന് സ്വീകരിച്ച കുറുക്കുവഴി മതധാർമ്മികതയെ വ്രണപ്പെടുത്തുന്നതിനായി തീർന്നില്ലേ. ധാർമ്മികമായി സ്വയം നശിച്ചവൻ സമൂഹത്തെയും നശിപ്പിക്കുവാൻ ശ്രമിക്കുന്നു.

കോടികളുടെ മയക്കുമരുന്നു കടത്തിയ ശ്രീലങ്കൽ യുവാവ് ഒററപ്പെട്ട ഉദാഹരണമല്ല, ക്രൈസ്തവ മൂല്യങ്ങളെ കാററിൽ പറത്തുന്ന എത്രയെത്ര നീചവും നിന്ദ്യവുമായ പ്രവർത്തനങ്ങൾക്ക് നാം വഴിയൊരുക്കുന്നു. എന്തിനുവേണ്ടിയെന്നോ, പണവും പ്രതാപവും അംഗീകാരവും നേടിയെടുക്കുവാൻ ദൈവികമായ ഇച്ഛാശക്തിയുടെ പങ്കുകാരായ മനുഷ്യർ പൈശാചികതയുടെ പ്രതിച്ഛായയുമായി പണം പൂക്കുന്ന മേഖലകൾ തേടി അലയുന്നു. മയക്കുമരുന്നു കച്ചവടവും വളഞ്ഞ വഴികളും പൈശാചികതയുടെ ഭാ



വമായിതീരുന്നു. പൗരസ്ത്യ വേദശാസ്ത്ര ചിന്തയിൽ ദൈവത്തിൽ നിന്നുള്ള അകൽച്ചയും Alienation from God) സ്വയ നീതികരണവും (Self Justification) മനുഷ്യനിൽ പൈശാചിക സ്വഭാവത്തെ (Evil Nature) വളർത്തുന്നു. വിശുദ്ധമായ നോമ്പിൽ വിശുദ്ധിയിലേക്ക് വളരുവാൻ കഴിയണം. വിശുദ്ധമായ വഴികളിൽ കൂടി നടന്ന് അവിശുദ്ധമായ മാർഗ്ഗങ്ങൾ സ്വീകരിച്ചാൽ സമൂഹത്തെയും അവിശുദ്ധമാക്കും തീർച്ച

## മർത്ത്മറിയം

മർത്ത്മറിയം പള്ളി എന്നു കേട്ടാൽ മാർത്തയുടെയും മറിയയുടെയും പള്ളിയെന്നു തോന്നാം. മാർത്തയും മറിയയുമായി ഇവിടെ യാതൊരു ബന്ധവുമില്ല 'മാർ' എന്ന സുറിയാനി പദത്തിൻെറ സ്ത്രീലിംഗ രൂപമാണ് 'മർത്ത്' എന്നത് യഥാർത്ഥത്തിൽ മർത്തമറിയം എന്നല്ല മർത്ത്മറിയും എന്നുവേണം എഴുതുവാൻ എൻെറ കർത്താവ് എന്നർത്ഥം വരുന്ന 'മാർ' എന്ന സുറിയാനി പദം വിശുദ്ധന്മാർക്കും അപ്പോസ്തോലന്മാർക്കും വിശേഷണമായി ഉപയോഗിക്കുന്നു. വിശുദ്ധൻ അഥവാ പരിശുദ്ധൻ എന്ന വാക്കിൻെറ സുറിയാനി രൂപം 'കശ്ശീശാ' എന്നാണെങ്കിലും 'മാർ' എന്ന പദവും ഉപയോഗിക്കുന്നു. അതിനാൽ മർത്ത് മറിയം പള്ളി എന്നു കേട്ടാൽ വിശുദ്ധ മറിയാമിൻെറ നാമത്തിലുള്ള ദേവാലയം എന്നുമനസ്സിലാക്കണം.

(വചനിപ്പുപെരുന്നാൾ മാർച്ച് 25)

## സഭാദിന ചിന്തകൾ

മലങ്കര ഓർത്തഡോക്സ് സഭാദിനം ഏപ്രിൽ 5 ന് ആഘോഷിക്കുന്നു. സഭാഗാത്രത്തിലെ പങ്കുകാരായ നാം സഭയോടുള്ള പ്രതിബദ്ധതയും കൂറും പ്രതിജ്ഞ ചെയ്യപ്പെടുന്ന ഒരവസരം കൂടിയാണ്. സഭാ സ്വാതന്ത്ര്യം നേടിയെടുക്കുവാൻ സമര ചരിത്രത്തിൻെറ പീഡന ഭൂമിയിൽ കണ്ണീരിൻെറ അപ്പം ഭക്ഷിച്ച്, രക്തം വിയർപ്പാക്കിയ പരശതം ആത്മീയ നേതാക്കന്മാരോടുള്ള സ്മരണയും സ്നേഹവും നാം ഈ സുദിനത്തിൽ പങ്കുവെയ്ക്കുന്നു.

—സഭ നമ്മുടെ മാതാവാണ് അമ്മയാണ്. അമ്മയെ സ്നേഹിക്കേണ്ടത് മക്കളുടെ കടമയും അവകാശവുമാണ്. അമ്മയിൽ നിന്നു വലിച്ചു കുടിച്ച ആത്മീയതയാൽ കരുത്താർജ്ജിച്ചവരാണ് സഭാമക്കൾ. അമ്മയെ മറക്കുന്ന മക്കൾ ആധുനിക കുടുംബ ശൈലിയുടെ ഭാഗമായി തീർന്നു സ്വന്തം കാലിൽനിന്നു ലോകത്തെ കാണുമ്പോൾ അമ്മ അന്യമാകുന്നു. സഭാ മക്കളും ഈ അമ്മയിൽ നിന്നും അകലുന്നില്ലേ.

—ചരിത്രത്തിൻെറ താളുകൾ നോക്കൂ സഭയുടെ സമസ്തോന്നതിക്കായി അക്ഷീണം യത്നിച്ച എത്രയെത്ര അത്മായ നേതാക്കന്മാർ ജീവിക്കുന്നു സഭയുടെ വിജയ ഗാഥയ്ക്കു പിന്നിലെ ശക്തി സ്രോതസ്സുകളായ ഈ ആത്മായ കരങ്ങൾ പരിശോഭിച്ചു. അധികാരം കസേരകളോ അവകാശ പത്രികകളോ ഇവർ കിനാവു കണ്ടിരുന്നില്ല. ഇത്തരം ആത്മീയ നേതാക്കന്മാരെ ഇന്നും കണ്ടെത്താൻ കഴിഞ്ഞിരുന്നെങ്കിൽ!

—ദൗത്യ നിർവഹണം സംഭവിച്ചിരിക്കുന്നില്ലേ. ചെറിയ സഭയെ വെട്ടിമുറിച്ച് സാമ്രാജ്യങ്ങൾ സ്ഥാപിച്ചാൽ സഭ വളരുന്നു എന്നു പറയുവാൻ കഴിയുമോ. വളരേണ്ട സഭയെ വരൾച്ചയിൽ നിന്നു ഉദ്ധരിക്കുവാൻ സഭാ മക്കൾ ഒത്തൊരുമിച്ച് പ്രവർത്തിക്കണം, ജീവിക്കണം അപ്പോൾ ഓക്സിയോസിന് സഭാ മക്കൾ ഏവരും അർഹരാകും

—ഒരു സംഭാഷണത്തിൽ നിന്നും: ഇത്രയും കാലം ഞാൻ സഭയിൽ പ്രവർത്തിച്ചു സഭ എന്താണ് ചെയ്തത്

..............................................

ദിവ്യ ബോധനനം പഠിച്ചവർക്ക് എന്തുകൊണ്ട് ഒരു ജോലി കൊടുത്തു കൂടാ !

അമേരിക്കൻ പ്രസിഡൻറ് ജോൺ കെന്നഡി രാഷ്ട്രത്തെക്കുറിച്ച് നടത്തിയ പ്രഭാഷണത്തിലെ ഒരു വാചകത്തിലെ ഒരുവാക്ക് മാററിയാൽ ഇതിനുത്തരം ലഭിക്കും:

Do not ask what the Church has done for you,
But ask what you can do for the churcrh

—സഭയ്ക്കായി ഞാനെന്തു ചെയ്തു. സഭയെക്കുറിച്ചുള്ള എൻെറ ദർശനം എന്താണ്. നമുക്കാത്മാർത്ഥമായി ചിന്തിക്കാം.

**ലാസറെ........**

## പുറത്തുവരിക

ലാസർ. മാർത്ത മറിയം എന്നിവരുടെ സഹോദരൻ. യേശു സ്നേഹിച്ച സുഹൃത്ത്. മരണത്തിൽ നിന്നും ഉയർപ്പിച്ച വ്യക്തി (യോഹ. 11.1-44) പുതിയ നിയമം ലാസറിൻെറ പിന്നീടുള്ള ജീവിതത്തെക്കുറിച്ച് പറയുന്നില്ല. പൗരസ്ത്യ പാരമ്പര്യത്തിൽ ലാസറിനേയും സഹോദരിമാരേയും കുറെ സുഹൃത്തുക്കളേയും യഹൂദൻമാർ ഒരു കപ്പലിൽ കയററി നാടുകടത്തി എന്നാൽ അത്ഭുത കർമായി അവർ രക്ഷപ്പെട്ട് സൈപ്രസിൽ എത്തി പിന്നീട് കിററൺ എന്ന സ്ഥലത്ത് ബിഷപ്പായി ലാസർ അവരോധിക്കപ്പെട്ടു. A D 890—ൽ കോൺസ്ററാൻെറ് നോപ്പിളിലേക്ക് ലാസറിൻെറ ഭൗതികാവശിഷ്ടം കൊണ്ടുവരികയും ലിയോ ആറാമൻ (Leo VI) ലാസറിൻെറ സ്മരണയ്ക്കായി അവിടെ ഒരു പള്ളി പണിയുകയും ചെയ്തു.

പാശ്ചാത്യ ദേശത്ത് ലാസർ മാർസിലേസിലെ ബിഷപ്പായിരുന്നുവെന്നും സോമിനിഷ്യൻ ചക്രവർത്തിയുടെ (എ. ഡി 51—96) കാലത്ത് രക്ത സാക്ഷിആയി തീർന്നെന്നും വിശ്വസിക്കുന്നു, ആദിമ സഭയിൽ ലാസറിൻെറ ഭക്തന്മാർ അനേകം ഉണ്ടായിരുന്നു,

'ഊശാന ഞായറാഴ്ചയുടെ (Palm Sunday) തലേദിവസം ബഥന്യായിൽ നിന്നും ഒരു തീർത്ഥാടനം ലാസറിൻെറ ശവകുടീരത്തിലേക്ക് നടത്തിയിരുന്നതായി എത്തീറിയ എന്ന സ്പാനിഷ് സഞ്ചാരി രേഖപ്പെടുത്തിയിട്ടുണ്ട് അതിനാൽ പൗരസ്ത്യ സഭകൾ ഈ ദിനത്തെ ലാസറിൻെറ ശനിയാഴ്ച (Lazarus Sarurday) എന്നു വിളിക്കുന്നു.

എൽഅസെറിയാ — എന്നയി സ്ഥലം മൗണ്ട് ഒലിവിനോട് ചേർന്ന് സ്ഥിതി ചെയ്യുന്നു. ഇവിടെ ഗ്രീക്ക് ഓർത്തഡോക്സു



## തിരിച്ചു വരവ്

നുറുങ്ങു കഥ

**ആലാരാജൻ, ചെങ്ങന്നൂർ**

ദുഃഖങ്ങളുടെ നിർക്കയത്തിൽ മുങ്ങുമ്പോൾ അയാൾ മനസിനോടു ചോദിക്കും — 'രക്ഷയുടെ ഒരു കച്ചിത്തുരുമ്പു പോലുമില്ലേ ........?
മനസ് നിശബ്ദത പാലിക്കും.
അയാളാകെ തകരുകയായിരുന്നു. ഒടുവിൽ —

അയാൾ നേരേ കടൽത്തീരത്തേക്കു നടന്നു. ഈ ജീവിതം ഇനി എന്തിന്? —അയാളുടെ മനസ് വർഷകാലത്തെ കടൽ പോലെയായിരുന്നു.

തീരത്ത് അയാളെത്തി. തിരമാലകൾ അയാളെ മാടി വിളിച്ചു. അയാൾ ഓടിച്ചെന്നു. അയാളെ കൈപിടിച്ചെതിരേൽക്കാൻ തിരകളെത്തി. തിരകളോടൊപ്പം യാത്രയാകാൻ തയ്യാറായി, അയാളും. പക്ഷെ — പെട്ടന്ന് ഒരുൾ വിളി അയാളിലുണ്ടായി. അത് ഭാവിയുടെ, പ്രതീക്ഷകളുടെ 'ദൈവ വിളി'യായിരുന്നു.

ദൈവ വിരോധിയായിരുന്ന അയാൾ ദൈവത്തെ സ്തുതിച്ചുകൊണ്ട് തിരികെ നടന്നു — പ്രത്യാശയോടെ.

---

കൾക്കുള്ള ഫ്രാൻസിയൻ സമൂഹത്തിനും പള്ളികളുണ്ട്. 4-ാം നൂററാണ്ടിൽ തന്നെ ഇവിടെ പള്ളി സ്ഥാപിച്ചതായി ചരിത്രകാരനായ ജെറോം രേഖപ്പെടുത്തിയിട്ടുണ്ട്.
[ലാസറിൻെറ ശനി : ഏപ്രിൽ 11]

Ref: 1. The Oxford Dictionary of the Christian Church, P. 793
2. Wno's who in the Bible PP. 253-257

### കണക്കിലെ കളി

സുഹൃത്തിനോട് ഒരു ഭാഗ്യ നമ്പർ ചോദിക്കൂ 1 മുതൽ 9 വരെയുള്ള ഏതക്കവും ആകാം. അത് 6 എന്നു കരുതുക.

അതേ അക്കത്തിലുള്ള 9 അക്കങ്ങൾ നിങ്ങൾക്ക് കൊടുക്കുവാൻ കഴിയും; എങ്ങനെയെന്നോ.

ഭാഗ്യ നമ്പറിനെ 9 കൊണ്ട് ഗുണിക്കുക.

$6 \times 9 = 54$

8 ഒഴിച്ച് ഒന്നു മുതൽ 9 വരെയുള്ള അക്കങ്ങൾ ക്രമമായി എഴുതിയിട്ട് അതിനെ 54 കൊണ്ട് ഗുണിക്കുക.

12345679 X
54
____________
49382716
61728395
____________
666666666

ഇതാ, അതെ അക്കത്തിൻെറ 9 അക്ക ഭാഗ്യനമ്പർ ഒന്നു മുതൽ 9 വരെയുള്ള ഏതക്കവും ഇതിൻ പ്രകാരം കണക്കാക്കാം. ഒന്നു ശ്രമിച്ചു നോക്കൂ.

[Rf. Sunday Mail, Feb. 23-29, 1992, P.21]

●

## യറുശലേം യുഗങ്ങളിലൂടെ

(തുടർച്ച) **കമാണ്ടർ കെ. ജി. തോമസ് (റിട്ട)**

എന്നാൽ ഇസ്രയേൽ ഒരു രാഷ്ട്രമായി പിറന്ന ഉടൻ തന്നെ അറബി രാഷ്ട്രങ്ങൾ അവർക്കെതിരായി യുദ്ധമാരംഭിച്ചു. ഈ യുദ്ധത്തിൽ നിരവധി യഹൂദർ കൊല്ലപ്പെട്ടുവെങ്കിലും 1949-ൽ യുദ്ധവിരാമ ഉടമ്പടി ഉണ്ടായപ്പോഴേക്കും തങ്ങൾക്കു നഷ്ടപ്പെട്ട സ്ഥലങ്ങൾ ഇസ്രയേൽ വീണ്ടെടുത്തു കഴിഞ്ഞിരുന്നു. പക്ഷെ യരുശലേമിലെ പഴയ പട്ടണം ഉൾപ്പെടുന്ന പൂർവ്വ ഭാഗം യോർദ്ദാന്റെ കൈയിലമർന്നു.

1956-ൽ ഈജിപ്തിലെ പ്രസിഡന്റ് കമാൽ അബ്ദുൾ നാസർ വലിയ സന്നാഹങ്ങളോടുകൂടി ഇസ്രായേലിനോടു യുദ്ധം ആരംഭിച്ചു. എന്നാൽ നാലു ദിവസത്തിനുള്ളിൽ മോഷേദയാന്റെ നേതൃത്വത്തിലുള്ള ഇസ്രയേലി സൈന്യം സീനായി ഉപദ്വീപു മുഴുവനും കൈക്കലാക്കി.

പത്തു വർഷത്തെ തയ്യാറെടുപ്പിനുശേഷം 1967-ൽ അറബി രാഷ്ട്രങ്ങൾ ഒത്തൊരുമിച്ച് ഇസ്രയേലിനോട് യുദ്ധം ആരംഭിച്ചു. എന്നാൽ അറബിപ്പട മുമ്പോട്ടു നീങ്ങുന്നതിന് മുമ്പു തന്നെ ഇസ്രയേലിന്റെ വ്യോമസേന ഒരു മിന്നലാക്രമണത്തിൽ അറബി പോർ വിമാനങ്ങൾ ഒട്ടുമുക്കാലും തകർത്തുകളഞ്ഞു. മൂന്നു ദിവസം കൊണ്ട് ജോർദ്ദാനെ നിശേഷം തോല്പിച്ച് യരുശലേം മുഴുവനും, മററു തന്ത്രപ്രധാനമായ കുന്നുകളും പ്രദേശങ്ങളും ഇസ്രയേൽ പിടിച്ചെടുത്തു.

1975-ൽ ഈജിപ്തും സിറിയയും ചേർന്ന് വീണ്ടും ഇസ്രയേലിനെ ആക്രമിച്ചു. ആദ്യ ദിവസങ്ങളിൽ ചില പരാജയങ്ങൾ സംഭവിച്ചു എങ്കിലും യുദ്ധം അവസാനിച്ചപ്പോഴത്തേക്കും ഇസ്രയേൽ വിജയത്തിന്റെ വക്കിൽ എത്തിക്കഴിഞ്ഞിരുന്നു.

ഇക്കഴിഞ്ഞ ഗൾഫു യുദ്ധത്തിലും ഇറാക്കിന്റെ മിസൈലുകൾ ഇസ്രയേലിനെ ആക്രമിച്ചു എന്നാൽ ലക്ഷ്യസ്ഥാനത്തെത്തും മുമ്പേതന്നെ അവ മിക്കതും ഇസ്രയേലിന്റെ പ്രതിരോധ മിസൈലുകൾ തകർത്തു കഴിഞ്ഞുരുന്നു.

ലോകസമാധാനത്തിന് തടസമായി നിൽക്കുന്ന ഏററവും വലിയ പ്രശ്നമാണ് പശ്ചിമേഷ്യയിലെ ആറബ് ഇസ്രയേലി സംഘർഷം. 1967-ലെ യുദ്ധത്തെ തുടർന്ന് പിടിച്ചടക്കിയ ഭൂഭാഗങ്ങൾ പാലസ്റ്റൈൻകാർക്ക് വിട്ടു കൊടുക്കുവാൻ ഇസ്രയേൽ വിസമ്മതിക്കുകയും യരുശലേം ഉൾപ്പെടുന്ന ആ ഭൂഭാഗങ്ങൾ തിരിച്ചു കിട്ടിയെ മതിയാകൂ എന്ന് അറബി രാഷ്ട്രങ്ങൾ കടും പിടുത്തം പിടിക്കുന്നതുമാണ് പ്രതിസന്ധിക്കു കാരണം. 1977-ൽ ഈജിപ്തിലെ പ്രസിഡന്റ് അൻവർ സാദത്ത് സമാധാന സംഭാഷണത്തിനായി ഇസ്രയേലിലേക്ക് പോയി. അന്നു മുതൽ ഇന്നുവരെയും ഇസ്രയേലും അറബി രാഷ്ട്രങ്ങളും തമ്മിൽ സമാധാനം സ്ഥാപിക്കുന്നതിനുള്ള അനേക കൂടിയാലോചനകളും സമ്മേളനങ്ങളും നടത്തിട്ടുണ്ടെങ്കിലും അവ ഒന്നും ഇതുവരെ വിജയിച്ചിട്ടില്ല. ഏററവും ഒടുവിലത്തേത് അമേരിക്കയും സോവിയററു യൂണിയനും മുൻകൈയെടുത്ത് ഇക്കഴിഞ്ഞ ഒക്ടോബർ 30-ാം തീയതി മാഡ്രിഡിൽ വിളിച്ചു കൂട്ടിയ സമ്മേളനമായിരുന്നു. അതും അവസാന തീരുമാനമൊന്നും എടുക്കാതെ പിരിയുകയാണ് ചെയ്തത്.

യേശുക്രിസ്തു പറഞ്ഞതുപോലെ ഇന്ന് യഹൂദരാഷ്ട്രം എന്ന അത്തി വൃക്ഷം തളിർക്കുകയാണ്. യരുശലേമിന്റെ മതിലുകൾ പണിയപ്പെടുകയാണ്.

''യരുശലേമേ, ഞങ്ങളുടെ കാലുകൾ നിന്റെ വാതിലുകൾക്കകത്തു നിൽക്കുന്നു.......................... അവിടേക്ക് ഗോത്രങ്ങൾ, യഹോവയുടെ ഗോത്രങ്ങൾ തന്നെ, യിസ്രയേലിനു സാക്ഷ്യത്തിനായി, യഹോവയുടെ നാമത്തിന് സ്തോത്രം ചെയ്‌വാൻ കയറിച്ചെല്ലുന്നു''. എന്ന് മൂന്ന് സഹസ്രാബ്ദങ്ങൾക്ക് മുമ്പ് ദാവീദ് ചൊല്ലിയ പാട്ട് (സങ്കീ: 122) എല്ലാ യഹൂദനും ഇന്ന് ആവർത്തിച്ച് ആലപിക്കുകയാണ്.

★

## റ്റി. റ്റി. സി. പ്രവേശനം

ഓർത്തഡോക്സ് സഭ വകയായി നടത്തപ്പെടുന്ന വിവിധ അദ്ധ്യാപക പരിശീലന സ്കൂളുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന സഭാംഗങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. നിശ്ചിത അപേക്ഷകൾ പൂരിപ്പിച്ച് മാർച്ച് 31 നകം കോട്ടയത്തുള്ള കോർപ്പറേററ് മാനേജ്മെന്റ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

## മത്സര പരീക്ഷാ വിജയികൾ

1991-ലെ സൺഡേ സ്കൂൾ മത്സര പരീക്ഷയിൽ ചെങ്ങന്നൂർ ഭദ്രാസനത്തിൽപ്പെട്ട താഴെപറയുന്ന വിദ്യാർത്ഥികൾ അഖില മലങ്കരതലത്തിൽ റാങ്കുകൾ കരസ്ഥമാക്കി.

ക്ലാസ് 5—II— ജിബു ജേക്കബ് വർഗീസ്, സെ. സ്ററീഫൻസ്, കുടശനാട് വെസ്ററ്

ക്ലാസ് 9—I — സ്മിതാ സൂസൻ കുറിയാക്കോസ്, സെ. ജോർജ്, ആറാട്ടുപുഴ

ക്ലാസ് 9—II— സാനു മാത്യു, എം. ജി. എം. തോട്ടപ്പുഴ

പത്താം ക്ലാസ് മത്സരപരീക്ഷയിൽ താഴെ പറയുന്നവർ ചെങ്ങന്നൂർ ഭദ്രാസനത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടി

First അനി മേരി കോശി. എം. ജി. എം. തോട്ടപ്പുഴ

Second 1) സോഫിയാ പി. ഏബ്രഹാം, എം.ജി.എം.ബഥേൽ ചെങ്ങന്നൂർ
2) നിസി എസ്. തോമസ്, സെ. ഇഗ്നേഷ്യസ് ചെങ്ങന്നൂർ
3) ലിസി സൂസൻ ജോൺ, സെ. ഇഗ്നേഷ്യസ് ചെങ്ങന്നൂർ

★

# നമ്മുടെ കൺവൻഷൻ യോഗങ്ങൾ

പി. എം. ചാക്കോ, കിടങ്ങന്നൂർ

ഇത് കൺവൻഷൻ യോഗങ്ങളുടെ സമയമാണല്ലോ. ഇടവക, പല ഇടവകകൾ ചേർന്ന ഡിസ്ട്രിക്റ്റ് ആത്മീയ സംഘടനകൾ, വിവിധ സഭാ വിഭാഗങ്ങൾ എന്നിവയുടെ ആഭിമുഖ്യത്തിൽ നിരവധി കൺവൻഷനുകൾ ഇപ്പോൾ നടന്നുവരുന്നു.

സാധാരണയായി പള്ളി ആരാധനകളിൽ സംബന്ധിക്കാത്തവർക്കും മററു ക്രൈസ്തവ സഭാ വിഭാഗങ്ങളിൽപ്പെട്ടവർക്കും നമ്മുടെ സഭയെപ്പററിയും അതിൻെറ ചരിത്രം, വിശ്വാസാചാരങ്ങൾ എന്നിവയെപ്പററിയും അറിവു ലഭിക്കുന്നതിന് ഈ കൺവൻഷൻ യോഗങ്ങൾ ഉപകരിക്കണം. എന്നാൽ ഇന്നത്തെ ബഹു ഭൂരിപക്ഷം പ്രാസംഗികരും അതിന് ശ്രമിക്കുന്നില്ല എന്നത് ഒരു ദുഃഖ സത്യമാണ്.

നമ്മുടെ കൺവൻഷൻ പ്രാസംഗികർ പ്രാർത്ഥന, ദൈവാശ്രയം, ജീവിത വിശുദ്ധി തുടങ്ങിയ വിശിഷ്ട ഗുണങ്ങൾക്ക് എപ്പോഴും ഉദാഹരണമായി എടുത്തുകാണിക്കുന്നത് മഹാത്മാഗാന്ധി, ശ്രീനാരായണഗുരു, സാധു സുന്ദരസിംഗ്, സ്ററാൻലി ജോൺസ്, മൂത്താമ്പാക്കൽ കൊച്ചൂഞ്ഞുപദേശി തുടങ്ങിയവരെയാണ്. മാർ അപ്രേം, മാബൂഗിലെ മാർ പീലക്സീനോസ്, നിക്യായിലെ മാർ അത്താനാസിയോസ്. തുടങ്ങിയ പൂർവ്വ പിതാക്കന്മാരെയൊ പരുമല തിരുമേനി, ഗീവറുഗീസ് ദ്വിതീയൻ ബാവാ. ഔഗേൻ ബാവാ. പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, പാമ്പാടിത്തിരുമേനി തുടങ്ങിയ ആധുനിക പിതാക്കന്മാരെയൊ പരാമർശന വിഷയമാക്കിയാൽ എത്ര നന്നായിരിക്കും!

നമ്മുടെ കൂദാശകൾ സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ തുടങ്ങിയവയിൽ കേൾവിക്കാർക്ക് അറിവു സമ്പാദിക്കുന്നതിന് കൺവൻഷൻ യോഗങ്ങൾ ഉപകരിക്കണം എന്നാൽ ഇന്നത്തെ പല പ്രാസംഗികരും അതിനു തുനിയാതെ കേവലം സന്മാർഗ്ഗ പ്രസംഗങ്ങൾ നടത്തുകയാണ് ചെയ്യുന്നത്. വി. മാമോദീസാ, വി. കുമ്പസാരം, വി. കുർബാന തുടങ്ങിയവയുടെ അന്തസത്ത ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിനുള്ള വേദിയായും കൺവൻഷനെ ഉപയോഗിക്കണം.

വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സത്യ വിശ്വാസത്തെ അഭംഗുരം കാത്തുസൂക്ഷിക്കുന്ന സഭയാണല്ലൊ നമ്മുടേത്. അതുകൊണ്ട് നമ്മുടെ പിതാക്കന്മാർ നൂററാണ്ടുകൾക്ക് മുമ്പ് തയ്യാറാക്കിയിട്ടുള്ള പ്രാർത്ഥനകളും ഗീതങ്ങളും പ്രസംഗങ്ങളിൽ ഉപയോഗിക്കുന്നത് നമ്മുടെ സഭയേയും പിതാക്കന്മാരെയും പററി കേൾവിക്കാർക്ക് മതിപ്പുണ്ടാകുന്നതിനുപകരിക്കും. എന്നാൽ സത്യം പറയട്ടെ ഇതിനും ആരും ശ്രമിക്കുന്നില്ല.

നമ്മുടെ സഭയിൽ ഇന്ന് ആത്മീയമായും മനുഷ്യ സ്നേഹപരമായും പല പ്രവർത്തനങ്ങളും നടക്കുന്നുണ്ട്. നമ്മുടെ കൺവൻഷൻ യോഗങ്ങളിൽ പ്രസംഗിക്കുന്നവർ സന്ദർഭോചിതമായി ഇവയെപ്പററിയും പരാമർശിക്കണം. നാം ഇന്ന് ആരംഭിച്ച് നടത്തിവരുന്ന ദിവ്യ ബോധനം, വേദ ഭാഷ്യം തുടങ്ങിയവ എല്ലാ ജന വിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്നതാണ്. അതിനെപ്പററി ജനങ്ങളെ അറിയിക്കുവാനും ഈ മാതിരി സന്ദർഭങ്ങൾ ഉപയോഗിക്കണം.

സാമൂഹ്യ പ്രവർത്തനങ്ങളിലും നാം ഇന്ന് വളരെ മുമ്പോട്ടു പോയിട്ടുണ്ട്. ആന്ധ്രായിലെ യാച്ചാരം എന്ന സ്ഥലത്ത് സ്ഥാപിതമായിട്ടുള്ള കുഷ്ഠ രോഗികളുടെ കുഷ്ഠം ഇല്ലാത്ത കുഞ്ഞുങ്ങൾക്കു വേണ്ടിയുള്ള സ്ഥാപനം, ബാലവാടികൾ, ഭവന ദാനം, വിവാഹ സഹായ നിധി, വൈദ്യ സഹായ പ്രവർത്തനങ്ങൾ അങ്ങനെ എണ്ണമററ പ്രവർത്തന പരിപാടികൾ ഇന്നു നമുക്കുണ്ട്. അവയെപ്പററിയും കൺവൻഷൻ പ്രസംഗകർ പരാമർശിക്കുന്നതു നല്ലതാണ്.

വേദപുസ്തകത്തിന് കൺവൻഷൻ യോഗങ്ങളിൽ മുഖ്യസ്ഥാനം നൽകണം വേദപുസ്തകത്തിൽ നിന്നും ധാരാളം വാക്യങ്ങൾ കേൾവിക്കാരെക്കൊണ്ടു വായിപ്പിക്കണം താൻ പറയുന്ന ഓരോ സംഗതിക്കും അടിസ്ഥാനം വേദപുസ്തകമാണെന്നും ശ്രോതാക്കളെ ബോധ്യപ്പെടുത്തണം. ഇന്ന് നമ്മുടെ പല കൺവൻഷൻ പ്രാസംഗികരും വേദപുസ്തകത്തെ വേണ്ടവിധത്തിൽ ഉപയോഗിക്കുന്നില്ല എന്നുള്ളതും ഒരു നഗ്ന സത്യം മാത്രമാണ്.

''പന്തലിൽ നിന്നും പന്തലിലേക്ക് പോകുന്ന ഇന്നത്തെ തെററായ പ്രവണതയെ മുളയിലെ നുള്ളിക്കളയുവാൻ തക്കവണ്ണം ആരാധനയുടെ അതിർവാര്യത ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കൺവൻഷൻയോഗങ്ങൾ ഉപകരിക്കണം. മദ്ബഹാ, അതിലെ വിശുദ്ധ വസ്തുക്കൾ എന്നിവയെപ്പററി ജനങ്ങളെ ബോധവാന്മാരാക്കുവാൻ കൺവൻഷൻ വേദികൾ ഉപയോഗപ്പെടുത്തിയാൽ ജനങ്ങൾ വിശിദ്ധാരാധനയിൽ കൂടുതൽ താല്പര്യം ഉള്ളവരാകും.

എന്നാൽ ഇന്ന് കൺവൻഷനുകൾ പ്രോട്ടസ്ററൻറ് ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനും അവരുടെ നേതാക്കളെപ്പററി അറിവു പകരുന്നതിനും ആണ് കൂടുതൽ ഉപകരിക്കുന്നത്. അതുപോലെ തന്നെ വി. കുർബാന. വി. കുമ്പസാരം തുടങ്ങിയവയെപ്പററി ഹാസ്യ രൂപേണ വിമർശിക്കുകയും അഖില ലോക പ്രശസ്തരും സമസ്ത ജന സമാരാദ്ധ്യരുമായ നമ്മുടെ തിരുമേനിമാരുടെ പ്രവർത്തനങ്ങപ്പററി തെററിദ്ധാരണ പരത്തുന്ന പരാമർശനങ്ങൾ നടത്തി കേൾവിക്കാർക്ക് നമ്മുടെ സഭയെപ്പററി വികലമായ അറിവുകൾ ലഭിക്കുന്നതിനിടയാകുകയും ചെയ്യുന്നു. ചുരുക്കത്തിൽ ഇന്നത്തെ പല കൺവൻഷൻ പ്രസംഗങ്ങളും ഗുണത്തേക്കാൾ അധികം ദോഷം ചെയ്യുന്നവയാണ്.

★

---

ബൈബിൾ ക്വിസ്

തിരുത്ത്: കഴിഞ്ഞ ലക്കത്തിലെ ചോദ്യം 2 ഉടലോടെടുക്കപ്പെട്ട ശേഷവും സംസാരിച്ചുകൊണ്ടിരുന്ന ആര്? ഉത്തരം 3 റാഹേൽ

---

# സമ്പൂർണ്ണ സമർപ്പണം

## ഫാ. ററി. എം. അലക്സന്ത്രയോസ്

കോമളമാർന്നൊരു ബാലൻ തൻ മാതാവോ–
ടന്നാളിലീവിധ മോതി നിന്നാൻ:

1 "സത്ഗുരു നാഥനാമേശുവെക്കാണുവാൻ,
ബത്സൈദാ നാട്ടിൽ ഞാൻ പോയ്‌വരട്ടെ".
സംപ്രീതയായ് മാതാ ഗോധൂമധൂളികൊ-
ണ്ടഞ്ചപ്പവും രണ്ടു മത്സ്യങ്ങളും;

2 പാകം ചെയ്തേകിയൊരുമ്മയും നൽകിട്ടു,
സന്മനസോടെ പറഞ്ഞയച്ചാൾ
മാനവരൊട്ടേറെ തിങ്ങിയിരിക്കു മി–
ടത്തിലൊരുകോണിൽ ചെന്നിരിക്കെ;

3 ശ്രീയേശുനാഥന്റെ ശിഷ്യനാമന്ത്രയോസ്,
സസ്നേഹം സാദരം ചോദിക്കയായ്
"പൊന്മകനെ നിന്റെ കൈവശമുള്ളതാം
നല്പൊതി ആയതിനുള്ളിലെന്ത് ?"

4 "അപ്പങ്ങൾ അഞ്ചെണ്ണം മത്സ്യങ്ങൾ രണ്ടുമാ"
ണുത്തരം സത്വരമേകി ബാലൻ.
പശ്ചിമ വാനിടം ചെങ്കതിർ ശോഭയാൽ,
ചെമ്മെ വിളങ്ങുന്ന വേളയിങ്കൽ:

5 കല്പിച്ചാൽ കർത്താവ് "ക്ഷുത്തെഴും മാനവർ-
ക്കാഹാരം നൽകുക നിങ്ങളിപ്പോൾ".
അന്ത്രയോ സോതിറയുരുബാലനുണ്ടിഹൈ,
തൻപക്കലഞ്ചപ്പം രണ്ടുമീനും.

6 കല്പിച്ചാനീശനെൻ പക്കലെ'തേല്പിപ്പീൻ,
പന്തിക്കിരുത്തുക മാനവരെ.
കല്പന കേട്ടിട്ടങ്ങന്ത്രയോസോടിവ–
ന്നച്ചെറൂബാലനോടോതിയിദം;



7 മാമക സൂനു നിൻ കൈയ്യിലെ ഭക്ഷണം,
കർത്തനഭ്യർത്ഥിപ്പൂ പ്രീതി പൂർവ്വം.
അപ്പൊതിയേതും മടിയെന്യെ ബാലകൻ,
അപ്പാടെയേല്പിച്ചു യേശുവിന്നായ്;

8 അപ്പങ്ങൾ മത്സ്യങ്ങൾ കൈകളിലേന്തിക്കൊ–
ണ്ടേററവും ഭക്തി പരവശനായ്.
പ്രാത്ഥിച്ചു വാഴ്ത്തി നുറുക്കിയ ഭോജ്യങ്ങൾ,
വർദ്ധിച്ചു വായിരമായിരമായ്

9 ദ്വാദശ ശിഷ്യന്മാർ ഓടി നടന്നഹൊ,
വേഗം വിളമ്പാൻ തുടങ്ങിചെമ്മെ.
പഞ്ചസഹസ്രം പുരുഷരും സ്ത്രീകളും,
പൈതങ്ങളുൾപ്പെട്ട വൻ സമൂഹം;

10 ഭക്ഷിച്ചു തൃപ്തരായ് ദ്വാദശകൊട്ടകൾ,
ശേഷിച്ചു അത്ഭുതം, അത്ഭുതമെ.
മാനുഷ ചിന്തയ്ക്കസാധ്യമാം പ്രശ്നങ്ങൾ,
ജീവിത യാത്രയിൽ നേരിടുമ്പോൾ;

11 എതിനും ശാശ്വത ശാന്തിലഭിക്കുവാൻ,
ഈശന്റെ തൃപ്പാദമാശ്രയിക്കാം.
ഭോജ്യങ്ങൾ നിർമ്മിച്ചു തൻ പ്രിയപുത്രനെ,
ഈശന്റെ ചാരെ അയച്ച മാതാ;

12 വാത്സല്യ പൂർവ്വമാബാലനെ സത്വരം,
യേശുവിൻ പക്കലയച്ച ശിഷ്യൻ.
ബാല സഹജമാം ലീലകൾ വിട്ടഹൊ,
യേശുവിൻ തേന്മൊഴി ശ്രദ്ധവച്ചും;

13 സ്വന്തമായുള്ളതു പൂർണ്ണ സമർപ്പണം
ചെയ്തൊരു ബാലനും ശ്ലാഘനീയർ.
ഏററം കഴിവു കുറഞ്ഞതാം മാനവർ
തന്റെ കഴിവു സമർപ്പിക്കുകിൽ,
പാരിലെ കോടാനുകോടി ജനതയ്ക്കു,
കല്യാണ കാരണമായിത്തീരും

★

# മുളന്തുരുത്തി സുന്നഹദോസിൻെറ മുഃന്നാടി

## എം. കുര്യൻ തോമസ്

മലങ്കര സഭയെസം ബന്ധിച്ചിടത്തോളം സുപ്രധാനമായ ഒരു വഴിത്തിരിവായിരുന്നു 1876 - ലെ മുളന്തുരുത്തി സുന്നഹദോസ്. സഭയ്ക്ക് ആദ്യമായി ഒരു വ്യവസ്ഥാപിത ഭരണക്രമം ദാനം ചെയ്തതും നവീകരണക്കാർക്കെതിരായി നടന്നുവന്ന ഒററപ്പെട്ട സമരങ്ങളെ ഏകീകരിച്ചു സംഘടിപ്പിച്ചതും ഈ യോഗമായിരുന്നു.

യോഗത്തിൻെറ സൂത്രധാരൻ പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസും, വിളിച്ചു കൂട്ടിയത് അന്ത്യോഖ്യായുടെ പത്രോസ് ത്രിതീയൻ പാത്രിയർക്കീസുമായിരുന്നു. മാർ ദിവന്നാസ്യോസ് 1866-ൽ മെത്രാൻ പട്ടം ഏററു വന്നപ്പോൾ മുതൽ നവീകരണത്തിനും പാലക്കുന്നത്ത് അത്താനാസ്യോസിനും എതിരായി ഏകഹസ്തനായി നടത്തിവന്നിരുന്ന സമരം വിജയം കാണാതെ വന്നപ്പോഴാണ് അദ്ദേഹം പാത്രിയർക്കീസിനെ വരുത്തിയത്. പാത്രിയർക്കീസ് മദ്രാസ് ഗവർണറുമായി നടത്തിയ ചർച്ചകളുടെയും മാർ ദിവന്നാസ്യോസും പള്ളിക്കാരും നടത്തിയ നിരന്തര അഭ്യർത്ഥനകളുടെയും ഫലമായി തിരുവെഴുത്തു വിളംബരം പിൻ വലിച്ചുവെന്നും തുടർന്നു പാത്രിയർക്കീസ് സുന്നഹദോസ് വിളിച്ചികൂട്ടി എന്നുമാണ് എല്ലാ ചരിത്രകാരന്മാരും രേഖപ്പെടുക്കിയിരിക്കുന്നത്.

എന്നാൽ മുളന്തുരുത്തി സുന്നഹദോസിൻെറ നടത്തിപ്പും അതിലെ നിശ്ചയങ്ങളും പരിശോദിച്ചാൽ അത് ആലോചന കൂടാതെ നടത്തിയ ഒരുയോഗമാണെന്നു വിശ്വസിക്കാൻ പ്രയാസമുണ്ട് എന്നാൽ ചരിത്രകാരന്മാരാരുംതന്നെ തിരുവെഴുത്തു വിളംമ്പരം പിൻവലിച്ചതിനും സുന്നഹദോസിനുമിടയിലുള്ള കാലഘട്ടത്തിലെ പ്രവർത്തനങ്ങളെപ്പററി വിവരിച്ചിട്ടില്ല. എന്നാൽ ഈ കാലഘട്ടത്തിലെയ്ക്കു വെളിച്ചം വീശുന്നതും പല വിധത്തിൽ ചരിത്ര പ്രാധാന്യമുള്ളതുമായ ഒരു രേഖ സമീപകാലത്ത് ഈ ലേഖകൻെറ കൈവശം എത്തുകയുണ്ടായി. 1876 മീനമാസം പത്താം തീയതി പത്രോസ് തൃതീയൻ പാത്രിയർക്കീസ് അയച്ച ഒരു കല്പനയാണിത്. കൊട്ടാരക്കരെപ്പള്ളിക്കയെച്ചതും ഇപ്പോൾ ഫാദർ ജോർജ്ജ് തെക്കേടത്തിൻെറ കൈവശം സൂക്ഷിച്ചിട്ടുള്ളതുമായ അച്ചടിച്ച ഈ കല്പനയെപ്പററി ഇതുവരെ യാതൊരു ചരിത്ര ഗ്രന്ഥങ്ങളിലും പ്രതിപാദിച്ചുകണ്ടിട്ടില്ല. പൊടിഞ്ഞു തുടങ്ങിയിരിക്കുന്ന ഈ രേഖ ചരിത്ര ദൃഷ്ടിയിൽ നിന്നും അപ്രത്യക്ഷമാകാതിരിക്കാനായി പൂർണ്ണ രൂപത്തിൽ പകർത്തുകയാണ്.

‘‘സർവ്വവല്ലഭനായി കാതൽത്വം തിങ്ങപ്പെട്ടിരിക്കുന്ന ആദ്യന്തമില്ലാത്ത നിത്യൻെറ തിരുനാമത്താലെ അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും ശ്ലീഹായ്ക്കടുത്ത സിംഹാസനത്തിൽ സുറിയാനി ജാതി മേൽ അധികാരപ്പെട്ടിരിക്കുന്ന മൂന്നാമത്തെ പത്രോസ് എന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസ്.



(മുദ്ര)

നമ്മുടെ വാഴ്ത്തപ്പെട്ട കൊട്ടാരക്കരെപ്പള്ളി ഇടവകയിൽ ഉള്ള വാഴ്ത്തപ്പെട്ടവരും അനുഗ്രഹിക്കപ്പെട്ടവരുമാകുന്ന ചൊവ്വുള്ള പട്ടക്കാരും വെടിപ്പുള്ള ശെമ്മാശന്മാരും........ പ്രധാനികളും വിശ്വാസമുള്ള കൈക്കാരാരും വാഴ്ത്തപ്പെട്ട നമ്മുടെ ലോകരൊക്കെയും............പിയ്ക്കട്ടെത്ത നമുക്കുള്ള മക്കളുടെ (മേൽ) ‘ദൈവിക’ (മായ) കൃപയും ആകാശത്തിനടുത്ത വാഴ്‌വും (ആ) വസിക്കുമാറ............യ........ൻെറ വാഴ്‌വ് ........അവരുടെ സന്തതികൾമേലും ........പ്രസവിച്ച അമ്മയുടെയും സ........യും പ്രാ(ർത്ഥനയാ)ൽ തന്നെ ആമ്മീൻ. വീണ്ടും സത്യമുള്ള നിങ്ങളുടെ ഉപവിയെ...........അറിയിക്കുന്നത് എന്തെന്നാൽ ചില നാളുകൾക്ക് മുമ്പേ മദ്രാസ് ഗവണ്മെൻറിൽ നിന്നും നമ്മുടെ കാര്യം തീർച്ചപ്പെടുത്തിയിരിക്കുന്നു.

1) എന്നും ആ തീരുമാനത്തിൻെറ ഒരു പ്രതി ഇന്ത്യൻ സ്റേററു സെക്രട്ടറിയായിരിക്കുന്ന സാലീസ്ബറിപ്രഭു അവർകൾക്കും ഒരു പ്രതി തിരുവിതാംകൂർ ഗവൺമെൻറിലേക്കും അയച്ചിരിക്കുന്നു. എന്നും കമ്പിത്തപാൽ വഴി നമുക്കു വർത്തമാനം കിട്ടിയശേഷം ആ തീരുമാനം എങ്ങിനെയെന്നു നമ്മെ തിരിയപ്പെടുത്തണമെന്നു നാം തിരുവിതാംകൂർ ഗവൺമെൻറിലേക്കു എഴുതി ചോദിച്ചാറെ ഈ സംഗതി ഇടപെട്ടുള്ള റിക്കാർഡുകൾ സകലവും എത്തിയിരിക്കുന്നു എന്നും കാര്യത്തീർച്ചയെപ്പററി ഉടൻ തന്നെ ഒരു വിളംബരം തിരുവിതാംകൂർ ഗവൺമെൻറു ഗസററിൽ പ്രസിദ്ധപ്പെടുത്തുമെന്നും ദിവാൻജി അവർകൾ നമുക്കു മറുപടി അയയ്ക്കുകയും അപ്രകാരം തന്നെ. ഇപ്പോൾ മേല്പടി വിളംബരം.

2) അടങ്ങിയ 51 കുംഭം 23-ാം തീയതി ചൊവ്വാഴ്ചത്തെ ഗസററു കിട്ടുകയും നിങ്ങളുടെ അറിവിനായിട്ട് അതിൻെറ ഒരു പ്രതി ഇതിൽ അടക്കം ചെയ്യുകയും ചെയ്യുന്നു. ഈ വിളംബരത്താൽ ‘‘വീഴാത്ത കോട്ടയെന്നും പൊളിയാത്ത വേലിയെന്നും’’ ബലയാർ

3) പ്രശംസിച്ചു കൊണ്ടു വന്ന ഒരു വിളംബരവും സർക്യുലരും.

4) കൊണ്ടു മേലാൽ അവനു യാതൊരു പ്രയോജനവും ഇല്ലെന്നും അവ പണ്ടേപ്പോലെ യാതൊരു പ്രകാരേണയും നമുക്കു ഒരു ബാധകമായി തീരുന്നതല്ലെന്നും സ്പഷ്ടമായിരിക്കുന്നു.

എന്നാൽ അവൻ മുമ്പേതന്നെ മൂന്നു പാത്രിയർക്കീസന്മാരിൽ നിന്നു (5) ശാപമേററവനും തള്ളപ്പെട്ടവനും ആകയാൽ അവനിലുണ്ടായിരുന്ന നൽവരവും മേല്പട്ട സുഖവും പൊയ്പോയതിനോടു കൂടെ തിരുവിതാംകൂർ ഗവർമ്മെൻറിൽ നിന്നുണ്ടായിരുന്ന ആ ബഹുമതിയും.

6) അവനിൽ നിന്നു ഇപ്പോൾ എടുക്കപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നുവല്ലോ; ഇപ്പോൾ അശുദ്ധപ്പെട്ട ഒരു പ........ധാവനെപ്പോലെ നിരാശപ്പെട്ടവൻ അവനായിരിക്കയാൽ അവനോടുകൂടെ ചേരപ്പെടുന്നു എന്നവർ ഒക്കെയും അവനെപ്പോലെ ആയിതീരുകയും ചെയ്യും. അതി.......യം നിങ്ങൾ സൂക്ഷപ്പെട്ടുകൊൾവീൻ. യാതൊരു പ്രകാരേണയും അവൻെറ കൂടെ

നിങ്ങൾ സംബന്ധപ്പെടുകയോ അവന്റെ വായിൽ നിന്നു പുറപ്പെടുന്ന മിത്ഥ്യമായ യാതൊരു വചനത്തിനും ചെവികൊടുക്കുകയോ ചെയ്തുപോകരുത്. എന്തെന്നാൽ അവൻ കള്ളനും ചെറുപ്പം മുതൽ വ്യാജക്കാരനും ആകുന്നു.

പിന്നെ അവൻ രാജാവിൽ നിന്നു തള്ളപ്പെട്ടവനെന്നും ഇപ്പോൾ ഉണ്ടായ വിളംബരം അവനു ദോഷമുള്ളതെന്നും അറികയാൽ ആ വിളംബരത്തെ ദുരർത്ഥമായി വ്യാഖ്യാനിക്കുകയും ആയത് അവൻ ദോഷകരമായിട്ടുള്ളതല്ലെന്നു പറഞ്ഞു ജനങ്ങളെ കബളിപ്പിച്ചു ഇനിയും സമാധാന വിരോധത്തിനും ഹേതുവുണ്ടാക്കി തീർക്കുന്നതിലേക്കു പരിശ്രമിക്കയും ചെയ്തുവരുന്നുവെന്നും നമുക്കു അറിവു കിട്ടിയിരിക്കുന്നു. സത്യമായി പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന കാര്യം മറയപ്പെടുന്നതല്ലല്ലോ.

തമ്മിൽ തമ്മിൽ സ്നേഹമുള്ളവർ നിങ്ങൾ ആയിരി....നമ്മുടെ വി........ന്റെ വിപരീതി........ റിച്ച ഒരു പ്രകാരവും നമ്മൾ ഭയപ്പെടേണ്ട........നിങ്ങളുടെ ഉള്ളിൽ നിന്നും ഭയം നീക്കിക്ക........നിറയപ്പെട്ട...... നിങ്ങൾ ആകുവിൻ എന്നാൽ നമ്മുടെ പിതാക്കന്മാരുടെ കല്പനകൾക്കു വിരോധമായി നടക്കുന്ന.... തള്ളക്കളവിൻ, ബലയാറിനെ വിട്ടു പിരിഞ്ഞു പള്ളിയിൽ നിന്നും ഇറങ്ങിയിട്ടുള്ളവർക്കു തിരികെ പ്രവേശിപ്പാൻ സമയം വന്നിരിക്കുന്നു.

എന്നാൽ നമുക്കുള്ള ആത്മീക മക്കളെ എത്രയും കാരുണ്യശാലിയും ധർമ്മ ബുദ്ധിയും ആയിരിക്കുന്ന നമ്മുടെ തിരുവിതാംകോട്ടു മഹാരാജവവർകളെ.

7) സകല അവകാശങ്ങളിൽ നിന്നും കാത്തു സൂക്ഷിക്കുന്നതിനും ആരോഗ്യ സമ്പൽ ജയം ക്ഷേമാദി സൗഭാഗ്യങ്ങൾ മേൽക്കുമേൽ ഉണ്ടാകുന്നതിനും തന്റെ ശത്രുക്കളുടെ പിടലികളെ തകർത്തു തന്റെ കാലടിയുടെ മെതിയടിയിൻ കീഴിലെ പൊടിപ്പോലെ ആക്കി തീർക്കുന്നതിനു പ്രാപ്തനാക്കുന്നതിനും വേണ്ടി നിങ്ങൾ ദൈവത്തോടു പ്രാർത്ഥിപ്പീൻ. ഹമ്മാന്റെയും മോർദ്ദക്കായുടെയും.

8) കാലത്തിൽ അഹുശുരേസ രാജാവ് യൂദന്മാരുടെ ലോകരെ സഹായിച്ചു ഹമ്മാന്റെ തിന്മ അവന്റെ തലയിന്മേൽ തന്നെ തിരിപ്പിക്കയും മോർദ്ദക്കായെ.... വലുതാക്കുകയും ചെയ്തതുപോലെ ഈ മഹാരാജാവവർകളും നമ്മുടെ ജനത്തെ സഹായിച്ചു. ബലയാറിന്റെ തിന്മ അവന്റെ തലയിലേയ്ക്കു തന്നെ തിരിപ്പിച്ചിരിക്കുന്നു. മോർദ്ദക്കായുടെ നോമ്പുകൊണ്ടും നമസ്കാരംകൊണ്ടും കണ്ണുനീരുകൊണ്ടും ദൈവം ആ ജയം അവർക്കു കൊടുത്തു. അതു പ്രകാരം തന്നെ നോമ്പും, നമസ്കാരവും, ദൈവാശ്രയവും നമുക്ക് എത്രയും ആവശ്യമായിരിക്കുന്നു. എന്തു കൊണ്ടെന്നാൽ ശുദ്ധമുള്ള ഏവൻ ഗേലിയോനിൽ കല്പിച്ചിരിക്കുന്നതുപോലെ ബലയാറിന്റെ ഈ വർഗ്ഗം നോമ്പാലെയും നമസ്ക്കാരത്താലയല്ലാതെ മറ്റൊന്നിനാലെയും തോൽക്കപ്പെടുന്നതല്ല നിങ്ങൾ തിരിച്ചറിവുള്ളവരാകുന്നുവെങ്കിൽ ഇതു നിങ്ങൾക്കു മതിയാകുന്നു.

വീണ്ടും ദൈവമായ കർത്താവു ബലഹീനതയുള്ള നമ്മുടെ



വലത്തേതോടുകൂടി കാണപ്പെടുവാൻ വഹിയാത്ത തന്റെ തൃക്കൈയ്യും നീട്ടി നിങ്ങളെയും നിങ്ങളുടെ ഭവനങ്ങളെയും, നങ്ങളുടെ മക്കളെയും, നിങ്ങളുടെ നേട്ടങ്ങളെയും നിങ്ങൾക്കുള്ള സകലത്തെയും വാഴ്ത്തുവാനും, നിങ്ങളുടെ ശത്രുക്കളുടെ പിടലികളെ തകർക്കുവാനും ചൊവ്വുള്ള ഊടുവഴികളിൽ നിങ്ങളെ നടത്തി സദാ നിങ്ങൾ സമാധാനത്തിൽ ഇരിപ്പാനുമായിട്ട് നാം പ്രാർത്ഥിക്കുന്നു, അതു തമ്പുരാനെ പ്രസവിച്ച അമ്മയുടെയും സകല പരിശുദ്ധന്മാരുടെയും നമസ്ക്കാരത്താൽ തന്നെ ആമ്മീൻ.

ആകാശത്തിലുള്ള ഞങ്ങളുടെ ബാവാ എന്ന് 1876 മീനമാസം 10-ാം തീയതി കോട്ടയത്തു ചെറിയ പള്ളിയിൽ നിന്നും ഈ കല്പനയുടെ മാർജിനിൽ കൈയെഴുത്തായി മറ്റൊരു കല്പനയുണ്ട് അതാണ് താഴെ ചേർത്തിരിക്കുന്നത്. വിശേഷിച്ചും പ്രിയമക്കളെ നമ്മുടെ സഭയുടെ ശുണികരണത്തിനായി ഈ മാസം 22-ാം തീയതി തിങ്കളാഴ്ച എല്ലാ പള്ളിക്കാരെയും ഇവിടെ കൂടി.

9) വേണ്ടും കാര്യങ്ങൾ ആലോചിച്ചതിൽമേൽ വേണ്ടുന്ന ശട്ടം കെട്ടുകൾ ചെയ്യണമെന്ന ഭൈവത്തിൽ പ്രതീക്ഷിച്ചിരിക്കുന്നതാക കൊണ്ട് മേൽതീയതിക്കു ആ പള്ളിയിൽ നിന്നും രണ്ടു കത്തങ്ങളും നാലു പ്രമാണികളും യാതൊരു പേക്ഷയും വിചാരിക്കാതെ ഈ പള്ളിയിൽ വന്നു ചേരുകയും വേണം. കല്പന മാർ ദിവന്ന്യാസ്യോസ് മെത്രാപ്പോലീത്താ (ഒപ്പ്)

ഈ കല്പനയ്ക്ക് ചരിത്രപരമായി വളരെയധികം പ്രാധാന്യമുണ്ട്. മൂന്നു ദശാബ്ദങ്ങളിലേറെക്കാലമായി നവീകരണക്കാരുടെ പിടിയിൽ നിന്നും സഭയെ വീണ്ടെടുക്കാൻ നടത്തിയ സമരത്തിലെ പ്രഥമ വിജയം പൊതുജനത്തെ അറിയിച്ച മദ്ധ്യമമായിരുന്നു ഈ കല്പന എന്നതിലാപരിയായി മററു ചില പ്രധാന സംഗതികളിലേക്കും ഈ കല്പന വിരൽ ചൂണ്ടുന്നുണ്ട്.

1876 മിഥുനമാസം 15-ാം തീയതി കൂടിയ മുളന്തുരുത്തി സുന്നഹദോസിന്റെ ഉത്ഘാടന കല്പനയിലെ ഭൂരിപക്ഷം ആശയങ്ങളും ഈ കല്പനയിലുണ്ട്.

10) പുതിയ തിരുവെഴുത്തു വിളംബരത്തിന്റെ അടിസ്ഥാനത്തിൽ ആളുകളെ പ്രോത്സാഹിപ്പിച്ചു കൊണ്ടെഴുതിയ ഈ കല്പനതന്നെയാണ് പിന്നീട് വിശദമായി മുളന്തുരുത്തി സുന്നഹദോസിൽ അവതരിപ്പിച്ചത് എന്നു പറയാം.

സമീപകാലത്തായി നവീകരണക്കാർ (മാമ്മാ സഭ) മാർ മാത്യൂസ് അത്താനാസ്യോസിനെ മുടക്കിയതിന് തെളിവൊന്നും ഇല്ല എന്ന് പ്രചരിപ്പിക്കുന്നുണ്ട് മുടക്കു കല്പനയല്ലെങ്കിലും മുടക്കുണ്ട് എന്നം വ്യക്തമായി പറയുന്ന ഒരു സമകാലീനരേഖ എന്ന നിലയിലും ഈ കല്പനയ്ക്ക് പ്രാധാന്യമുണ്ട്.

എന്നാൽ ഈ കല്പനയേക്കാൾ പ്രാധാന്യം മാർജിൻ കല്പനയ്ക്കാണ്. ഇതിൽ പറയുന്ന യോഗത്തെപ്പററിയും ഇതിനുമുമ്പ് ചരിത്രകാരന്മാർ പ്രതിപാദിച്ചു

കണ്ടിട്ടില്ല. ഇതിൽ പറഞ്ഞിരിക്കുന്ന ചെറിയപള്ളിയോഗം നടന്നോ എന്നതിനു തെളിവുകളൊന്നും ശ്രദ്ധയിൽ പെട്ടിട്ടില്ല. പക്ഷേ മുളന്തുരുത്തി സുന്നഹദോസിനു മുമ്പും പിമ്പുമായി മലങ്കരയ്ക്കാകമാനം പ്രാതിനിധ്യമുള്ള ഒന്നിലധികം യോഗങ്ങൾ നടന്നതായി പരാമർശങ്ങൾ ഉണ്ട്. അവയിൽ പലതും ഇന്ന് ചരിത്രകാരന്മാർക്ക് അജ്ഞാതമാണ്.

മുളന്തുരുത്തി സുന്നഹദോസ് വിളിച്ചുകൂട്ടികൊണ്ടുള്ള പത്രോസ് തൃതിയൻ പാത്രിയർക്കീസ് 1876 ഇടവം 22-ാം തീയതിയാണ് കുറുപ്പുംപടി പള്ളിയിൽ നിന്നും കല്പന പുറപ്പെടുവിച്ചത്. ടി കല്പനയിൽ ഒരു പട്ടക്കാരനെയും രണ്ട് അൽമേനികളെയും ഓരോ പള്ളിയിൽ നിന്നും തിരഞ്ഞെടുക്കുവാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്.

11) മുളന്തുരുത്തി സുന്നഹദോസിനുശേഷം സുറിയാനി ക്രിസ്ത്യാനി അസോസിയേഷന്റെ പിതാവായി തീർന്നതും ഇതാണ്. എന്നാൽ ടി ചെറിയപള്ളി യോഗത്തിനു ഇതിന്റെ രണ്ടിരട്ടി—രണ്ടു കത്തനാർമാരും നാല് അല്മേനികളും ആണ് ക്ഷണിക്കപ്പെട്ടിരിക്കുന്നത്. അതിനാൽ ടി യോഗത്തിൽ ഇടവകയുടെ പ്രാതിനിധ്യത്തെപ്പററി തീരുമാനം ഉണ്ടായതായി ന്യായമായും അനുമാനിക്കാം.

മുളന്തുരുത്തി സുന്നഹദോസ് തീരുമാനങ്ങൾ മുമ്പേ നിശ്ചയിച്ചു എഴുതികൊണ്ടുവന്നു പാസാക്കിയതായി ഉള്ള ഒരാരോപണം നവീകരണക്കാർ ഉന്നയിച്ചിരുന്നു.

12) ഇത് മുഖവിലയ്ക്കെടുക്കുവാൻ സാദ്ധ്യമല്ലങ്കിലും ഈ പരാമർശനം ചെറിയപള്ളി യോഗത്തിലേക്കു വെളിച്ചം വീശുന്നതായി കണക്കാക്കാം.

ഗസററ് വിജ്ഞാപനം മുതലുള്ള സംഭവങ്ങളുടെ കാലഗണന ഇപ്രകാരമാണ്. ഗസററ് വിജ്ഞാപനം കൊ. വ. 1051 (1876)

കുംഭം 23 പത്രോസ് തൃതിയന്റെ കല്പന കൊ. വ. 1876 മിനം 10 ചെറിയപള്ളിയോഗം 1876 മീനം 22 മുളന്തുരുത്തി സുന്നഹദോസ് വിജ്പാനം 1876 ഇടവം 22 മുളന്തുരുത്തി സുന്നഹദോസ് 1876 മിഥുനം 15

ചുരുക്കത്തിൽ മുളന്തുരുത്തി സുന്നഹദോസിലേക്കുള്ള ഏററവും പ്രധാന ചവിട്ടു പടിയായിരുന്നു ചെറിയപള്ളി യോഗം എന്നുവേണം പറയാൻ. ഈ യോഗത്തെപ്പററി വിശദമായ പഠനം വളരെ ആവശ്യമാണെന്നത് നിസ്തർക്കമാണ്.

## കുറിപ്പുകൾ

1 മാർ മാത്യൂസ് അത്താനാസ്യോസിന്റെയും കൂട്ടാളികളുടെയും സഭാവിരുദ്ധ പ്രവർത്തനങ്ങളെപ്പററിയും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കുന്നതിനെപ്പററിയും മാർ ദീവന്നാസ്യോസും സഭാംഗങ്ങളും മദ്രാസ് ഗവൺമെൻറിലേയ്ക്കു പല പ്രാവശ്യം പരാതികൾ അയച്ചിരുന്നു. കൂടാതെ പത്രോസ് തൃതിയൻ പാത്രിയർക്കീസ് നേരിട്ട് മദ്രാസ് ഗവർണറെ ഈ വിവരം ധരിപ്പിച്ചിരുന്നു.



2 1027 കുംഭം 15-ാം തീയതി നടത്തിയ ടി വിളംബര പ്രകാരം പള്ളികളെയും സ്വത്തുക്കളെയും അവയുടെ അധികാരികളെയും സംബന്ധിച്ചുള്ള തർക്കങ്ങൾ കോടതികളുടെ അധികാര പരിധിയിൽ ഉൾപ്പെട്ടതാണെന്നു പ്രഖ്യാപിച്ചു. സർക്കാർ ഇത്തരം പ്രശ്നങ്ങളിൽ സമാധാന സംരക്ഷണാർത്ഥം മാത്രമേ ഇടപെടാവൂ എന്നും ടി വിളംബരം വഴി വ്യക്തമാക്കി.

3 'ബലയാർ' എന്ന് പത്രോസ് തൃതിയൻ, മാത്യൂസ് അത്താനാസ്യോസിനെ പല പ്രാവശ്യവും സംബോധന ചെയ്തിട്ടുണ്ട്. നീചൻ എന്ന അർത്ഥമുള്ള ഈ ഗ്രീക്ക് പദം 2 കോരി: 6:15-ൽ സംബോധന ഉണ്ട്.

4 കൊ. വ. 1027 കർക്കിടകം 15-ാം തീയതി 249-ാം നമ്പറായി തിരുവിതാംകൂർ മഹാരാജാവ് മാർ മാത്യൂസ് അത്താനാസ്യോസിനെ മലങ്കര മെത്രാനായി അംഗീകരിച്ചുകൊണ്ട് നടത്തിയ വിളംബരം. ഈ വിളംബരം നിലവിലിരിക്കുകയാൽ മാർ മാത്യൂസ് അത്താനാസ്യോസിന്റെ പേരിലുള്ള കേസുകൾ എടുക്കാൻ കോടതികൾ വിസമ്മതിച്ചിരുന്നു. പുതിയ വിളംബരം മൂലം അദ്ദേഹവും കോടതികൾക്ക് അധീനനായി.

★

5 മൂന്നു പാത്രിയർക്കീസന്മാർ എന്ന് പറയുന്നത് മാർ അത്താനാസ്യോസിനു പട്ടം കൊടുത്ത മാർ ഏലിയാസ് ദ്വിതീയൻ (1838-1847). മാർ ദിവന്നാസ്യോസിനു പട്ടം കൊടുത്ത മാർ യാക്കോബ് ദ്വിതീയൻ (1847-1872).

മാർ പത്രോസ് തൃതീയൻ (1872-95) എന്നിവരാണ്.

6 കുറിപ്പ് 4 കാണുക.

7 അക്കാലത്തു തിരുവിതാംകൂർ മഹാരാജാവ് ആയില്യംതിരുനാൾ (1860—1880) ആയിരുന്നു.

8 എസ്ഥേറിന്റെ പുസ്തകം പഴയനിയമം കാണുക.

9 പത്രോസ് പാത്രിയർക്കീസിന്റെ കല്പന കോട്ടയം ചെറിയപള്ളിയിൽ നിന്നാകയാൽ യോഗസ്ഥലം അതു തന്നെയായി വേണം കരുതാൻ.

10 പാറേറട്ട് Z. M. മുളന്തുരുത്തി സുന്നഹദോസ് P. 94–99.

11 പാറേറട്ട് Z. M. മലങ്കര നസ്രാണികൾ Vol III P. 275-276.

12 ചാക്കോ T. C. മാർത്തോമ്മാ സഭാചരിത്ര സംഗ്രഹം Vol II P. 37.

# ഭദ്രാസന വാർത്തകൾ

## വാർഷിക സമ്മേളനം

ചെങ്ങന്നൂർ ഭദ്രാസന മർത്തമറിയം വനിതാസമാജം വാർഷിക സമ്മേളനം പേരിശേരി സെൻറ് മേരീസ് പള്ളിയിൽ വച്ച് നടത്തപ്പെട്ടു. രാവിലെ ഫാ. കെ. എൽ. മാത്യു വൈദ്യൻ 'ഓർത്തഡോക്സ് സഭയുടെ ആചാരാനുഷ്ടാനങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസെടുത്തു. ഉച്ചയ്ക്ക് ശേഷം ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ശ്രീ. കെ. ഇ. ഏബ്രഹാം, ശ്രീമതി എലിസബത്ത് തോമസ് എന്നിവർ പ്രസംഗിച്ചു. വികാരി റവ. ഫാ. ജോൺ പോൾ സ്വാഗതവും ഭദ്രാസന സെക്രട്ടറി കൃതജ്ഞതയും പറഞ്ഞു.

## കൺവൻഷൻ

ഓതറ സെൻറ് ജോർജ് ദയറായുടെ ആഭിമുഖ്യത്തിൽ ദയറാ അങ്കണത്തിൽ വച്ച് സുവിശേഷ പ്രസംഗയോഗം നടത്തപ്പെട്ടു. ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്ത കൺവൻഷനിൽ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ, ഫാ. എം. സി. ജോർജ്, ഫാ. കുര്യൻ ദാനിയേൽ, ഫാ. കെ. എസ്. സാമുവൽ, ശ്രീ. സ്കറിയാ മാസ്ററർ എന്നിവർ പ്രസംഗിച്ചു.

## സംയുക്ത വാർഷികം

മംഗലം സെൻറ് ജോർജ് ഓർത്തഡോക്സ് പള്ളിയിലെ വി
വിധ ആത്മീയ സംഘടനകളുടെ സംയുക്ത വാർഷികം വികാരി ബർ
ശെമോ റമ്പാൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ
ശ്രീ. പി. വി. ജോർജ്, പുത്തൻകാവ് ഡിസ്ട്രിക്ററ് സൺഡേ സ്കൂൾ
ഇൻസ്പെക്ററർ ശ്രീ. ഈപ്പൻ നൈനാൻ എന്നിവർ പ്രസംഗിച്ചു. സഹ
വികാരി ഫാ. ഏബ്രഹാം നൈനാൻ സ്വാഗതവും എം. ഇ. മത്തായി
നന്ദിയും പറഞ്ഞു.

## സമാപന സമ്മേളനം

മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ക്രൈസ്തവ വിദ്യാർ
ത്ഥി പ്രസ്ഥാനം ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജ് യൂണിററിൻെറ
സമാപന സമ്മേളം റവ. എം. കെ. മാമ്മൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെ
ട്ടു. കൊല്ലം ഭദ്രാസനാധിപൻ മാത്യൂസ് മാർ എപ്പിപ്പാനിയോസ് മെത്രാ
പ്പോലീത്താ മുഖ്യാതിഥി ആയിരുന്നു. എം. എ. ജേക്കബ് ആശംസാപ്രസം
ഗം നടത്തി. യൂണിററ് സെക്രട്ടറി കെ. ജോർജ് കുഞ്ഞ് സ്വാഗതവും
പ്രൊഫ. സൂസി ഏബ്രഹാം കൃതജ്ഞതയും പറഞ്ഞു.



## വാർഷിക സമ്മേളനം

ഭദ്രാസന ബാലികാസമാജ വാർഷികം ഫെബ്രുവരി 2 ഞായറാ
ഴ്ച ബഥേൽ അരമനപ്പള്ളിയിൽ നടത്തി. രാവിലെ വി: കുർബ്ബാനയ്ക്ക്
ശേഷം റവ. ഫാ. കുര്യൻ ദാനിയേൽ ക്ലാസ് എടുത്തു. ഉച്ചയ്ക്ക് ശേഷം
നടന്ന പൊതുസമ്മേളനത്തിൽ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാ
സിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷം വഹിച്ചു. റവ. ഫാ.
എം. എസ്. സഖറിയാ, പ്രൊഫ. സൂസി ഏബ്രഹാം എന്നിവർ പ്രസംഗി
ച്ചു. കലാമത്സരങ്ങളിൽ ഏററവും കൂടുതൽ പോയിൻറു നേടിയ
വെണ്മണി സെൻറ് മേരീസ് പള്ളി ബാലികാസമാജത്തിന് ട്രോഫി
നൽകപ്പെട്ടു.

## സന്ദർശനം

ചെങ്ങന്നൂർ ഭദ്രാസന ബാലികാസമാജം അംഗങ്ങൾ നൂറനാട്
കുഷ്ഠരോഗാശുപത്രി സന്ദർശിച്ച് രോഗികളുടെ ആവശ്യാർത്ഥം യൂറോ
പ്യൻ ക്ലോസററും മററു ചില സാധനങ്ങളും നൽകുകയുണ്ടായി. 150
പേർ ഇതിൽ പങ്കെടുത്തു.

## വാർഷികം

ബഥേൽ അരമന പള്ളി ഇടവകയിലെ ആത്മീയ സംഘടനക
ളുടെ സംയുക്ത വാർഷികം വികാരി റവ. ഫാ. മാത്യു വറുഗീസിൻെറ
അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. റവ. ഫാ. തോമസ് തേക്കിൽ പ്രസംഗി
ച്ചു. ബാബു തോമസ് സ്വാഗതവും കെ. എം. ജോർജ് കൃതജ്ഞതയും
പറഞ്ഞു. ഫാ. വൈ. തോമസ് സമ്മാനങ്ങൾ വിതരണം ചെയ്തു.

ഉമയാററുകര സെൻറ് തോമസ് ഇടവകയിലെ ആത്മീയ സം
ഘടനകളുടെ സംയുക്ത വാർഷികം ഭദ്രാസനാധിപൻ തോമസ് മാർ
അത്താനാസിയോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ നടത്ത
പ്പെട്ടു. തദവസരത്തിൽ എം. എ. ജേക്കബ്, കുഞ്ഞൂഞ്ഞമ്മ മാമ്മൻ റവ.
ഡീക്കൻ, ജേക്കബ് ജോർജ് എന്നിവർ പ്രസംഗിച്ചു. വികാരി റവ. ഫാ.
ജോസ് പെരുമാൾ സ്വാഗതം ആശംസിച്ചു.

## പരിശീലന ക്യാമ്പ്

ചെങ്ങന്നൂർ ഭദ്രാസനത്തിൻെറ ആഭിമുഖ്യത്തിൽ O. V. B. S. പരിശീലന ക്യാമ്പ് ചെങ്ങന്നൂർ ബഥേൽ അരമനയിൽ വച്ച് മാർച്ച് 20,21 (വെള്ളി, ശനി) എന്നീ തീയതികളിൽ നടത്തുന്നതാണ്. സംബന്ധിക്കുവാൻ ആഗ്രഹിക്കുന്നവർ രജിസ്ട്രേഷൻ ഫീസായി 7 രൂപാ നൽകേണ്ടതാണ്.

## ആഭ്യന്തര സുവിശേഷ സംഘം

ചെങ്ങന്നൂർ ഭദ്രാസനം ആഭ്യന്തര സുവിശേഷസംഘത്തിൻെറ വാർഷികം ഏപ്രിൽ 21-ാം തീയതി ശനിയാഴ്ച 2-ന് ബഥേൽ അരമനയിൽ വച്ചു നടത്തുന്നതാണ്.

## അഭിനന്ദനാർഹമായ നേട്ടം



എബി പി. കോശി

തൃശൂരിൽ വച്ച് 1992 ഫെബ്രുവരി 27, 28, 29 തീയതികളിൽ ഭാരതിയാടി സ്ഥാനത്തിന് നടന്ന കേരള സയൻസ് കോൺഗ്രസിൽ ഏററവും നല്ല പ്രബന്ധം അവതരിപ്പിച്ചതിന് **യംഗ് സയൻറിസ്റ്റ് അവർഡ്** നേടിയ എബി P. കോശി മഹാത്മാഗാന്ധി യൂണിവേഴ്സിററിയിൽ സ്കൂൾ ഓഫ് കെമിക്കൽ സയൻസിൽ ഗവേഷണം നടത്തുകയാണ്. പുത്തൻകാവ് ഇടവകയിൽ പാങ്കാവിൽ റിട്ടയാർ ചെയ്ത അദ്ധ്യാപകരായ ശ്രീ. കെ. കെ. ഏബ്രഹാമിൻെറയും ശ്രീമതി പി. വി. മേരിയുടെയും പുത്രനാണ്.

★

---

## കുരിശിൻ തൊട്ടി ശിലാസ്ഥാപനം

കാളികുന്ന് സെൻറ് ഗ്രിഗോറിയോസ് പള്ളിയുടെ വകയായി പ: പരുമലത്തിരുമേനിയുടെ നാമത്തിൽ സ്ഥാപിക്കുന്ന കുരിശിൻ തൊട്ടിയുടെ ശിലാസ്ഥാപനം ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

## പാരിഷ് ഹോൾ കൂദാശ

പിരളശേരി സെൻറ് ജോർജ് കാതോലിക്കേററ് സിംഹാസന പ്പള്ളിയുടെ വകയായി നിർമ്മിച്ച മനോഹരമായ പാരിഷ് ഹോളിൻെറ കൂദാശ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു.

## സൺഡേ സ്കൂൾ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്

ചെങ്ങന്നൂർ ഭദ്രാസന സൺഡേ സ്കൂൾ ഭാരവാഹികളായ ഡിസ്ട്രിക്ററ് ഇൻസ്പെക്ററർമാർ, അദ്ധ്യാപക പ്രതിനിധികൾ, ഭദ്രാസന ഡയറക്ററർ, ഭദ്രാസന അദ്ധ്യാപക പ്രതിനിധി എന്നിവരുടെ തെരഞ്ഞെടുപ്പ് മാർച്ച് 14 മുതൽ ഏപ്രിൽ 25 വരെയുള്ള തീയതികളിൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തപ്പെടുന്നതാണ്. ഇതു സംബന്ധിച്ചുള്ള വിശദ വിവരങ്ങളടങ്ങിയ അറിയിപ്പുകൾ താമസംവിനാ ലഭിക്കുന്നതാണ്.

●



## ബാല പത്രിക

## അത്ഭുത രോഗശാന്തി

(മാസികയുടെ മുഖ്യ പത്രാധിപർക്ക് ലഭിച്ച ഒരു അഞ്ചുവയസ്സുകാരൻെറ കത്ത് ഇവിടെ പ്രസിദ്ധപ്പെടുത്തുന്നു)

എൻെറ പ്രായം 5 വയസ്. എനിക്ക് ശ്വാസകോശ സംബന്ധമായ അസുഖം ബാധിച്ചിരുന്നു. ഡോക്ടർ പരിശോധിച്ചു. ഒരു വർഷക്കാലം ദിവസവും രാവിലെ പ്രഭാത ഭക്ഷണത്തോടുകൂടി ഡോക്ടർ കുറിച്ചുതന്ന ഗുളികയുടെ പകുതി കഴിക്കണം. ഒരു ഗുളികയ്ക്ക് 3 രൂപാ 50 പൈസാ വിലയാണ്. അങ്ങനെ കഴിച്ചു വരവെ ഞങ്ങളുടെ പേരിശ്ശേരിപ്പള്ളിയിലെ പെരുനാൾ വന്നു.

എല്ലാ കുട്ടികളും റാസയിൽ സംബന്ധിക്കുമ്പോൾ കൊടി പിടിക്കണം. 25 രൂപാ ഞങ്ങളുടെ വികാരി അച്ചനെ ഏല്പിച്ചാൽ ഒരു കൊടി തരും. എൻെറ അപ്പച്ചൻ എൻെറ രോഗം പൊറുക്കണമെ എന്നു പ്രാർത്ഥിച്ചുകൊണ്ട് ഒരു കൊടി വാങ്ങി തന്നു. ഞാൻ കൊടി പിടിച്ചുകൊണ്ട് റാസയിൽ സംബന്ധിച്ചു.

പിറേറ ദിവസം ഇടവക മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചു. കുർബാന കഴിഞ്ഞയുടൻ എൻെറ അപ്പച്ചൻ മദ്ബഹായുടെ കൈപ്പടയിൽ എന്നെ നിർത്തി. എൻെറ തലയിൽ കൈവച്ച് പ്രാർത്ഥിക്കണം എന്ന് തിരുമേനിയോട് അഭ്യർത്ഥിച്ചു. എൻെറ അസുഖത്തെപ്പററിയുള്ള വിവരവും പറഞ്ഞു. തിരുമേനി എൻെറ തലയിൽ കൈവച്ചു പ്രാർത്ഥിച്ചു. പ്രാർത്ഥന തീരാറായപ്പോൾ ഞാൻ അറിയാതെ ഒന്നു ഞെട്ടി. തിരുമേനി അപ്പച്ചനോട് ഈ കുട്ടി ഏതാണ് എന്നു ചോദിച്ചു,

രണ്ടു ദിവസം കഴിഞ്ഞ് ഞാൻ ഡോക്ടറെ കണ്ടു. അദ്ദേഹം എൻെറ രക്തം പരിശോധിച്ചു രോഗം പരിപൂർണ്ണമായി വിട്ടുമാറി എന്ന് ഡോക്ടർ പറഞ്ഞു. ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി.

തിരുമേനിക്ക് ആയിരം, ആയിരം നന്ദി. കർത്താവപ്പച്ചന് സ്തോത്രം

''സ്തുതി സ്തുതിയെൻ മനമെ
സ്തുതികളിലുന്നതനെ
നാഥൻ നാൾ തോറും ചെയ്യുന്ന
നന്മകളോർത്തു പാടുക നീയെന്നും മനമേ''

എന്ന്, **R. S. M.**
പേരിശേരി

★

Regd. No. R. N. 44684/87 Regd. No. G/KL/TLA/71

BETHEL PATHRIKA

## യോനായുടെ അനുഭവം യുക്തി സഹമോ?

കെ. ജോർജ് കുഞ്ഞ്

യോനയെ മത്സ്യം വിഴുങ്ങിയെന്നും, മൂന്നാം ദിവസം ജീവനോടെ കരയ്ക്ക് ഛർദ്ദിച്ചു എന്നും പറയുന്നത് യുക്തി സഹമാണോ? വിശ്വാസ്യമാണോ?

ഒരു മനുഷ്യനെ മാത്രമല്ല വലിയ കുതിരകളെപ്പോലും വിഴുങ്ങത്തക്ക മത്സ്യങ്ങൾ മഹാസമുദ്രങ്ങളിൽ ഉണ്ടെന്നുള്ളത് ഇന്ന് ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടുള്ള സത്യമാണ്. വാഷിംഗ്ടണിലെ പ്രൊഫ. ജെ. എസ്. വാബത്ത് സൂക്ഷിച്ചിരിക്കുന്ന ഒരു തിമിംഗലത്തിന്റെ അളവ് താഴെപ്പറയും പ്രകാരമാണ്. 45 അടി നീളം, 23 അടി 9 ഇഞ്ച് വണ്ണം, വായുടെ വീതി 38 ഇഞ്ച്, നാക്കിന്റെ നീളം 40 ഇഞ്ച് തൊങ്ങൽ ഓരോന്നിനും 5 അടി നീളം 3 അടി വീതി, തുകലിന്റെ കനം 3 ഇഞ്ച് ഭാരം 15 ടൺ. ഇതിനെക്കണ്ട ഒരു പത്രപ്രവർത്തകൻ പറഞ്ഞത് ''ഈ തിമിംഗലത്തിന് യാതൊരു ദഹനക്കേടും സംഭവിക്കാതെ 40 യോനാമാരെ വിഴുങ്ങുവാൻ നിഷ്പ്രയാസം കഴിയും'' എന്നത്രെ.

അതുപോലെ ഫ്ളോറിഡായുടെ തീരത്തു നിന്നും 1912-ൽ പിടിച്ച ഒരു മഹാമത്സ്യത്തിന് 43 അടി നീളവും വായിക്ക് 38 ഇഞ്ച് വിസ്താരവും 30009 റാത്തൽ തൂക്കവും ഉണ്ടായിരുന്നു. മാത്രമല്ല അതിന്റെ വയററിൽ 1000 റാത്തലിൽ കൂടുതൽ ഭാരമുള്ള ഒരു മത്സ്യവും ഉണ്ടായിരുന്നു.

1891 ഫെബ്രുവരിയിൽ Star of the East എന്ന കപ്പൽ ദക്ഷിണ അററ്ലാൻറിക്കിലുള്ള ഫോക്ക്ലൻറ് ദ്വീപുകളുടെ സമീപം മത്സ്യവേട്ട നടത്തിക്കൊണ്ടിരിക്കുമ്പോൾ ഒരു വലിയ തിമിംഗലം ക്ഴ്ചയിൽ പെടുകയും, രണ്ടു ബോട്ടുകളിൽ നാവികർ ആ തിമിംഗലത്തെ പിൻതുടരുകയും ചെയ്തു. ഒരു ബോട്ടിലുണ്ടുയിരുന്നവർ ചാട്ടുളി പ്രയോഗം മൂലം തിമിംഗലത്തെ കുത്തിക്കൊല്ലുവാൻ പരിശ്രമിക്കുന്നതിനിടയിൽ തിമിംഗലത്തിന്റെ ശക്തിയേറിയ വാലിന്റെ അടിയേററ് മറേറ ബോട്ട് മുങ്ങിപ്പോയി. അതിലുണ്ടായിരുന്ന രണ്ട് നാവികരിൽ ഒരാൾ മുങ്ങി മരിച്ചു. ജയിംസ് ബാർട്ട്ലി എന്ന മറേറ ആളിനെക്കുറിച്ച് യാതൊരു വിവരവും ലഭിച്ചില്ല.

(തുടരും)

Printed and Published by Fr. P. G. George
on behalf of H. G. Thomas Mar Athanasios at
PHILIPS PRINTERS CHENGANNUR. Editor Fr. P. G. George